
# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 07 No. 44 THE ONLINE OFFICIAL NEWS BULLETIN 2024 October 10


| SEASON OF CROSS | സ്ലീബാകാലം | ܥܕܢܐ ܕܨܠܝܒܐ |
|---|---|---|

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 5th Sunday after the Holy Cross ♫5 13 |  ♫1 Comme. of St. Athanasios of Alexanria 14 |  ♫5 Comme. of St. Osyo the Ascetic 15 | ♫1 16 | ♫5 17 |  ♫1 Comme. of St. Luke the Evangelist 18 | ♫5 19 |



ഗാന്ധിജയന്തി ദിനത്തിൽ ഓർത്തഡോക്സ് സഭ മദ്യവർജന സമിതി കോട്ടയത്തു ഉപവാസം നടത്തി. ഡോ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്തു. ഫാ. കുര്യാക്കോസ് തണ്ണിക്കോട്ട്, ഫാ. വർഗീസ് ജോർജ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, പ്രഫ. സി. മാമച്ചൻ, ഫാ. എബ്രഹാം വാഴയ്ക്കൽ, ഫാ. മോഹൻ ജോസഫ്, ഡോ. റോബിൻ പി. മാത്യു, ടോം കോര, അലക്സ് മണപ്പുറത്ത് എന്നിവർ പ്രസംഗിച്ചു.



കുന്നംകുളം മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയിൽ പുതുതായി നിർമിച്ച ഓക്സിജൻ ഉൽപാദന പ്ലാന്റിന്റെ കൂദാശയും, ഉദ്ഘാടനവും ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഗീവർഗീസ് മാർ പീലക്സീനോസ് എന്നിവരുടെ നേതൃത്വത്തിൽ നടന്നു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം രാജ്യാന്തര സമ്മേളനത്തിന് മുന്നോടിയായി ദീപശിഖ പ്രയാണം കടമ്പനാട് കത്തിഡ്രലിൽ നിന്നും പത്തനാപുരം മൗണ്ട് താബോർ ആശ്രമത്തിൽ എത്തിയപ്പോൾ.



ഐനാംസിന്റെ ഗ്ലോബൽ കോൺഫറൻസ് മിഷൻ ബോർഡ് പ്രസിഡണ്ട് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ ഹൈദരാബാദിലെ യാച്ചാരം ബാലഗ്രാമിൽ വച്ചു നടന്നു. ഗീവർഗീസ് മാർ കൂറിലോസ്, ഗീവർഗീസ് മാർ പീലക്സീനോസ് എന്നീ മെത്രാപ്പോലീത്താമാർ പങ്കെടുത്തു.




തുമ്പമൺ ഭദ്രാസനത്തിലെ ഇലന്തൂർ കാരൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് ഇടവകാംഗമായ ധീര ജവാൻ തോമസ് ചെറിയാന് ഓർത്തഡോക്സ് സഭയുടെ അന്ത്യാഞ്ജലി. പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയ്ക്കുവേണ്ടി കോട്ടയം ഭദ്രാസന അധിപൻ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് അന്തിമോപചാരം അർപ്പിച്ചു. ഡോ. ജോസഫ് മാർ ദിവന്നാസ്യോസ്, വൈദിക ട്രസ്റ്റി. ഫാ. തോമസ് വർഗീസ് അമയിൽ, അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ എന്നിവർ സമീപം.

## സഭാ മാനേജിംഗ് കമ്മിറ്റി

ദേവലോകം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ മാനേജിംഗ് കമ്മിറ്റി യോഗം ദേവലോകം കാതോലിക്കേറ്റ് അരമന ഹാളിൽ നടന്നു. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനി അധ്യക്ഷത വഹിച്ചു. 2023-2024 സമുദായ വരവ് ചെലവ് കണക്കും ഓഡിറ്റ് വാർഷിക റിപ്പോർട്ടും അസ്സോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ അവതരിപ്പിച്ചു.


Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖ

# എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

## മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര എ. ഡി. 1926-നു കൊല്ലം 1101 മകരം 13-നു മുതലുള്ള ഡയറി.

### 1098 മേടം 7-നു മുതലുള്ള ഡയറി ബുക്കിന്റെ തുടർച്ച

958. കറുകയിൽ വർക്കി കൊച്ചുകുഞ്ഞിന്. ഈ മാസം 8-നു അയച്ച കല്പനപ്പടി നേന്ത്രവേലി നിലത്തിന്റെ പാട്ടക്കുടിശിഖ വകയിൽ (കോട്ടയം സെമിനാരി പറമ്പിൽ നിന്നും) അയച്ച രൂപാ ആയിരവും ഈപ്പച്ചന്റെ മകൻ കുഞ്ഞപ്പൻ കൊണ്ടുവന്നു തന്നതിന് രസീതായിക്കൊടുത്തു. 1926-നു കൊല്ലം 1101 മകരം 13-നു പഴയസിമ്മനാരിയിൽ നിന്നും.

959. കളത്തിൽ മാത്തൻ മൂപ്പിലേക്കു. ആ പള്ളിക്കുള്ള വരിസംഖ്യ പണം ജനങ്ങളിൽ നിന്നും പിരിച്ചോ പള്ളിമുതലിൽ നിന്നെടുത്തോ എത്രയുംവേഗം എത്തിച്ചുതരണമെന്നും മറ്റും. 1101 മകരം 14-നു പരുമല സിമ്മനാരിയിൽ നിന്നും.

960. നാലാങ്കൽ പെരുമാൾ വൈദ്യന്. ടി കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

961. മട്ടയ്ക്കൽ മല്പാന്. കോട്ടയത്തേക്കു പോകേണ്ടതിനെക്കുറിച്ചും മറ്റു വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

962. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. അറബിക്കാനോൻ അബ്രഹാംകുട്ടി ...

963. പാറേട്ടു മാത്യൂസ് കത്തനാർക്കു. പണപ്പിരിവിനെ സംബന്ധിച്ചും വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

964. പടിഞ്ഞാറെതലയ്ക്കൽ അബ്രഹാംകുട്ടിക്കു. അറബിക്കാനോന്റെ പ്രതി തിരുവനന്തപുരത്തു എത്തിച്ചുകൊടുക്കണമെന്നും തിരുവനന്തപുരത്തു നിന്നും കോട്ടയത്തിനു വന്നുകൊള്ളണമെന്നും കേസിന്റെ അവസ്ഥയെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

965. കരുവാറ്റാ പള്ളിക്കാർക്ക്. ആ പള്ളിയിലെ കപ്യാരു തോമ്മായുടെ മകളുടെ കല്യാണത്തിന്റെ പണത്തെക്കുറിച്ച്. 101 മകരം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

966. പൂതക്കുഴിയിൽ കത്തനാരച്ചന്. അറബിക്ക് കാനോനെ സംബന്ധിച്ചും തെക്കേക്കര ശെമ്മാശനെ സംബന്ധിച്ചുള്ള കാര്യങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

967. കാതോലിക്കാ ബാവായ്ക്കു. കേസുകളെക്കുറിച്ചും പുതിയ പള്ളിക്കനുവദിച്ചതിനെപ്പറ്റി സന്തോഷിക്കുന്നു എന്നും അവിടത്തെ വഴക്കുകൾ സമാധാനപ്പെടുത്തണമെന്നും മറ്റും. 101 മകരം 13-നു പഴയസിമ്മനാരിയിൽ നിന്നും.

968. പൂതക്കുഴിയിൽ കത്തനാരച്ചന്. തെക്കേക്കര ശെമ്മാശനെ സംബന്ധിച്ചുള്ള സംഗതിക്കു മുമ്പയച്ച കല്പന പള്ളിക്കാരെയും, പട്ടക്കാരെയും കാണിച്ചു വേണ്ടതുപോലെ ചെയ്യണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

969. പാറേട്ടു മാത്യൂസ് കത്തനാർക്കു. കേസിന്റെ വർത്തമാനങ്ങൾക്കും വെട്ടിക്കുന്നു പള്ളിക്കാരുടെ തർക്കസംഗതികൾ കാതോലിക്കാ ബാവായുടെ ആലോചനപ്രകാരം എങ്ങിനെയെങ്കിലും സമാധാനമാക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.



970. റ്റി. ജി. മാത്യുവിനു. പണപിരിവിനെ സംബന്ധിച്ചു. കുണ്ടറ പണപ്പിരിവിനുള്ള ശ്രമത്തെപ്പറ്റിയും തിരുവനന്തപുരത്തേക്കു വരുന്നതിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

971. കരിപ്പാൽ യാക്കൂബ് കത്തനാർക്കു. പുതിയ പള്ളിക്കനുമതി ലഭിച്ചതിൽ സന്തോഷിക്കുന്നുയെന്നും അവിടത്തെ തർക്കങ്ങൾ പറഞ്ഞുതീർത്തു കാതോലിക്കാ ബാവാ ... മറ്റും. ടി തീയതി. ടി സ്ഥലം.

972. കെ. എസ്. ജോസെഫ്. ... അയക്കുമെന്നും മറ്റും. ... ചിലവുകൾ ടി കത്തനാരച്ചന്റെ പേർക്കു ... അയച്ചുതരുമെന്നും ...

973. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. സിമ്മനാരി സമരിയുടെ വിധി പകർപ്പും, 73-ലെ ആ പള്ളിയുടെ ഉടമ്പടിയും, മട്ടയ്ക്കൽ മല്പാൻ മുഖാന്തിരം വരുത്താൻ ശ്രമിക്കണമെന്നും ... ടി തീയതി. ടി സ്ഥലം.

974. കൊച്ചുമെത്രാച്ചനു. അവിടത്തെ പണപ്പിരിവു യോഗത്തെക്കുറിച്ചും തഴവാക്കാരൻ ക്ലേറിയെ സംബന്ധിച്ചും അയാളുടെ പട്ടംകൊടയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

975. കൊച്ചുമെത്രാച്ചന്. കുണ്ടറ യോഗം കൂടി പള്ളികൾക്കു വരിയിടുന്നതിനെക്കുറിച്ചും, സഭയിലെ കുഴപ്പങ്ങളെക്കുറിച്ചുള്ള മറുപടിയും, കേസിനെ സംബന്ധിച്ചും, അവിടെ വരുന്ന ശെമ്മാശന്മാർക്കു പട്ടം കൊടുക്കുന്നതിനെപ്പറ്റിയും മറ്റും. 1101 മകരം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

976. മട്ടയ്ക്കൽ മല്പാന്. പഴയസിമ്മനാരിയിലെ ചിലവാകുന്ന നെല്ലിന്റെ കാര്യത്തെപ്പറ്റിയും സിമ്മനാരിയിലെ 5-നു മുതലുള്ള കണക്കുകളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

977. വേളാംപറമ്പിൽ വലിയ കുഞ്ഞിന്. മകളുടെ കല്യാണത്തെക്കുറിച്ചു അനുഗ്രഹങ്ങളും മംഗളാശംസകളും മറ്റും. ടി തീയതി. ടി സ്ഥലം.

978. പുത്തൻപുരയിൽ തോമസു കത്തനാർക്കു. എഴുത്തുപ്രകാരം കല്പനകൾ, പണപ്പിരിവിനെ സംബന്ധിച്ചു ഓരോരുത്തർക്കയച്ച വിവരത്തെപ്പറ്റി. ടി തീയതി. ടി സ്ഥലം.

979. താഴത്തെപീടികയിൽ അലക്സന്ത്രയോസു കത്തനാർക്കു. കല്ലൂപ്പാറ, ടി പുത്തൻ, പാതിക്കാടു, പനയമ്പാല പുത്തൻ, ആഞ്ഞിലിത്താനം മുതലായ പള്ളികളിലെ പണപ്പിരിവിനെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

980. ചിറ്റക്കാട്ടു മത്തായി കത്തനാർക്കു. ഇരുവള്ളിപ്ര, ഉമയാറ്റുകര, ഓതറ ഈ പള്ളികളിലെ പണപിരിവിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

981. നെടുമ്പ്രോത്തു കണ്ടത്തിൽ കീവറീച്ചനു. കവിയൂർ സ്ലീബാ പള്ളിയിലെയും അടുത്തുള്ള പള്ളികളിലെയും പണപ്പിരിവിനെക്കുറിച്ച്. 101 മകരം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

982. കലയങ്കാട്ടിൽ തോമ്മസു കത്തനാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

983. അയിരാംപിള്ളിൽ പാപ്പിക്ക്. കല്ലൂപ്പാറ മുതലായ പള്ളികളിലെ പണപിരിവിനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

984. വിലനിലത്തു മത്തായി കത്തനാർക്കു. കുന്നത്തു പള്ളിയിലെ പണപിരിവിനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

985. ഇരുവള്ളിപ്ര ആമോസു കത്തനാർക്കു. ഇടവങ്കാട്, ബുധനൂർ ഈ പള്ളികളിലെ പണപ്പിരിവിനെക്കുറിച്ചും, ഇത്രടം ടി പള്ളികളിലെ കൈക്കാരന്മാരോടു കൂടി വരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

986. കാരക്കുന്നത്തു ഫിലിപ്പോസു മോഴൂർ. കൊച്ചുകുഞ്ഞു ഇവർക്കു. കരിപ്പുഴ പള്ളിയിലെ പണപിരിവിനെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

987. പുത്തൻമഠത്തിൽ സ്കറിയാ കത്തനാർക്കു. പത്തിച്ചിറ പള്ളിക്കലെ പണം ഉടൻ പിരിച്ച് അയച്ചുകൊടുക്കണമെന്നു. 1101 മകരം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

988. മുണ്ടപ്ലാക്കുടിയിൽ യാക്കോബു കത്തനാർക്കു. ചെങ്ങരൂർ പള്ളിയിലെ പണപ്പിരിവിനെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

989. പയ്യമ്പിള്ളിൽ ദാവീദു കത്തനാർക്കു. മല്ലപ്പള്ളി പള്ളികളിലെ പണപ്പിരിവിനെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

990. കക്കുടിയിൽ മാത്യൂസ് കത്തനാർക്കു. വെണ്ണിക്കുളത്തു പള്ളിയിലെ പണപ്പിരിവിനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

991. ഉളകാട്ടിൽ പള്ളിക്കാർക്കു. പണപ്പിരിവിനെക്കുറിച്ചു. 1101 മകരം 20-നു പരുമല സിമ്മനാരിയിൽ നിന്നും.

992. കുടശ്ശനാട്ടു പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

993. കാട്ടൂർ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

994. ചെന്നിത്തല പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

995. പുത്തൻകാവു പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

996. കൂർത്തമല പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

997. വഞ്ചിത്ര പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

998. വളഞ്ഞവട്ടം പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

999. വയലത്തല പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1000. പെരളശ്ശേരി പള്ളിക്കാർക്കു. പണപ്പിരിവിനെ സംബന്ധിച്ചു. 101 മകരം 20-നു പരുമല സിമ്മനാരിയിൽ നിന്നും.

1001. തലവടി കിഴക്കേ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1002. അയിരൂർ ചെറിയപള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1003. അയിരൂർ വലിയപള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1004. കാരൂർ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1005. ചെങ്ങന്നൂർ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1006. കുരമ്പാല പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1007. അറത്തി പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1008. കോഴഞ്ചേരി പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1009. മാന്തിളിർ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1010. കടമ്മനിട്ട പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1011. പെരിശ്ശേരി പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1012. മാക്കാംകുന്നു മുതലായ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1013. ചന്ദനപ്പിള്ളി പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1014. പ്രക്കാനം പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1015. കൈപ്പട്ടൂർ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1016. തുമ്പമൺ കാദീശ്ത്താ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1017. മുണ്ടുകുഴി പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1018. ഏറത്തു തുമ്പമൺ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1019. ഓമല്ലൂർ മുതലായ പള്ളികൾക്കു.  ടി കാര്യം. ടി തീയതി. ടി സ്ഥലം.

1020. ആറാട്ടുപുഴ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1021. ഇടനാട്ടു പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1022. നെല്ലിക്കൽ (കോയിപ്പുറം) പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1023. നാരങ്ങാനം പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1024. തോട്ടമൺ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1025. തോട്ടുപുറത്തു പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1026. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1027. പുരയ്ക്കൽ ഗീവറുഗീസ് കത്തനാർക്കു. വീയപുരത്തു പള്ളിയിലെ പണപ്പിരിവിനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

1028. കെ. വി. ഈപ്പൻ വക്കീലിനു. കാർത്തികപ്പിള്ളി മുതലായ സ്ഥലങ്ങളിലെ പണപ്പിരിവിനെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

1029. മൂലമണ്ണിൽ പാപ്പിക്കു. പണപ്പിരിവിനെപ്പറ്റി. ടി തീയതി. ടി സ്ഥലം.

1030. വേങ്ങൽ ഗീവറുഗീസ് കത്തനാർക്കു. വേങ്ങൽ മുതലായ പള്ളികളിലെ പണപ്പിരിവിനെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

1031. കണിയാന്ത്ര അലക്സന്ത്രയോസു കത്തനാർക്കു. കണിയാന്ത്ര പള്ളിയിലെ പണപ്പിരിവിനെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

1032. മട്ടയ്ക്കൽ മല്പാനു. കോട്ടയം പഴയസിമ്മനാരി വർത്തമാനങ്ങളെക്കുറിച്ചും ചിലവിനുള്ള നെല്ലിന്റെ കാര്യത്തെപ്പറ്റിയും. 101 മകരം 21-നു പരുമല സിമ്മനാരിയിൽ നിന്നും.

1033. പുതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. തുമ്പമൺ പള്ളിയിലെയും മറ്റും പണപ്പിരിവിനെപ്പറ്റിയും കേസിന്റെ വർത്തമാനങ്ങളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1034. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1035. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1036. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരി സംബന്ധിച്ചുള്ള കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1037. വള്ളക്കാലിൽ ഉണ്ണൂണ്ണിക്ക്. ടി കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1038. ഇലഞ്ഞിക്കൽ പീലിപ്പോസച്ചനു. കേസിന്റെ വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1039. തയ്യിൽ കൊച്ചീപ്പച്ചനു. പീലിപ്പോച്ചനു പണം കൊടുക്കുന്നതിനെ പ്പറ്റിയും കേസിന്റെ വർത്തമാനങ്ങൾക്കും. 1101 മകരം 21-നു പരുമല സിമ്മനാ രിയിൽ നിന്നും.

1040. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1041. പി. എം. പത്രോസിന്. വർത്തമാനങ്ങൾക്കും മറ്റും മറുപടി. ടി തീയതി. ടി സ്ഥലം.

1042. കറുകയിൽ കൊച്ചുകുഞ്ഞിന്. പഴയസിമ്മനാരിയിൽ ചിലവിനു ആവ ശ്യമുള്ള നെല്ലു കൊടുക്കുന്നതിനും മറ്റും. ടി തീയതി. ടി സ്ഥലം.

1043. കാതോലിക്കാ ബാവായ്ക്കു. പുതിയ പള്ളിക്കാർ പള്ളി വെച്ചതു കൊണ്ടും മറ്റും സമാധാനമുണ്ടാകയില്ലെങ്കിൽ അവരുടെ ഇഷ്ടംപോലെ പ്രവർത്തിക്കട്ടെ എന്നും കേസിനെക്കുറിച്ചും മറ്റും. 1101 മകരം 23-നു പരുമല സിമ്മനാരിയിൽ നിന്നും.

1044. കൊച്ചുമെത്രാച്ചനു. പണപിരിവിനു പള്ളികളിൽ സഞ്ചരിക്കുന്നതിനെ സംബന്ധിച്ചും വകയാറു പള്ളിക്കാരുടെ അപേക്ഷയെപ്പറ്റിയും. ടി തീയതി. ടി സ്ഥലം.

1045. ചീരാമ്യാലിൽ ഗീവറുഗീസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1046. വാകത്താനത്തു പള്ളിയിലെ കശീശന്മാർക്കു. പണപിരിവിനെയും ...

1047. കോന്നി വകയാറു പള്ളിക്കാർക്കു. അവരുടെ അപേക്ഷ കൊച്ചുമെത്രാ ച്ചന്റെ പേർക്കയച്ചിട്ടുണ്ടെന്നും, അറിയിക്കാനുള്ളതെല്ലാം കുണ്ടറ കൊച്ചുമെ ത്രാച്ചനെ അറിയിക്കണമെന്നും മറ്റും. 1101 മകരം 22-നു പരുമല സിമ്മനാരി യിൽ നിന്നും.

1048. മട്ടയ്ക്കൽ മല്പാന്. പാത്രിയർക്കീസു ബാവാ ... വർത്തമാനം സി. റ്റി. ഈപ്പനിൽ നിന്നും അറിഞ്ഞ കാര്യങ്ങളും സിമ്മനാരി ആരംഭിക്കുന്നതിനെ ക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1049. ചാവടിയിൽ ഈപ്പൻ മുതലാളിക്ക്. വിദേശങ്ങളിൽ നിന്നയച്ച എഴുത്ത് കിട്ടിയെന്നും പാത്രിയർക്കീസു ബാവായെയും യെരുശലേം വർത്തമാനങ്ങ ളെയും കുറിച്ചറിഞ്ഞതിൽ സന്തോഷിക്കുന്നുയെന്നും അനേകം ബിരുദങ്ങൾ സമ്പാദിച്ചു സുഖമായി മടങ്ങിയെത്തിയതിൽ അഭിനന്ദിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1050. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. കേസിനെപ്പറ്റിയും വക്കീലന്മാരെപ്പ റ്റിയും മറ്റും. 1101 മകരം 24-നു പരുമല സിമ്മനാരിയിൽ നിന്നും.

1051. പുത്തൻപുരയിൽ തോമ്മസു കത്തനാർക്കു. മാവേലിക്കര പള്ളിയിൽ കൂടിയ യോഗപ്രകാരമുള്ള പണം പിരിക്കുന്നതിനെക്കുറിച്ചും മറ്റും. 1101 മകരം 26-നു പരുമല സിമ്മനാരിയിൽ നിന്നും.

1052. തോട്ടമൺ പള്ളി കണക്കൻ പുന്നൂസ്സു സ്കറിയായ്ക്കു. കേസിന്റെ ചിലവിലേക്കു ആ പള്ളിയിൽ നിന്നും അയച്ചുതന്ന രൂപാ 20-ഉം കിട്ടിയെന്നും ശേഷവും ഉടനെ അയക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1053. മാമ്മൂട്ടിൽ വർക്കി വർക്കിക്കു. മാക്കാംകുന്നു പള്ളിവകയായി കേസിന്റെ ആവശ്യത്തിലേക്കയച്ചുതന്ന രൂപാ 100 ഉം കിട്ടിയെന്നും ശേഷവും ഉടനെ അയ ച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1054. കൊച്ചുമെത്രാച്ചനു. തിരുവനന്തപുരത്തേക്കു പോകുന്നതിനെ സംബ ന്ധിച്ചും കേസിന്റെ അവധിയെക്കുറിച്ചും മറ്റും. 1101 മകരം 28-നു പരുമല സിമ്മ നാരിയിൽ നിന്നും.

1055. മട്ടയ്ക്കൽ മല്പാനു. ടി കാര്യത്തെക്കുറിച്ചും കോട്ടയത്തെ പണപ്പിരി വിനെപ്പറ്റിയും മറ്റും. ടി തീയതി. ടി സ്ഥലം.

1056. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. തിരുവനന്തപുരത്തേക്കു നാളെ പുറപ്പെടുമെന്നും മറ്റും. 1101 മകരം 31-നു പരുമല സിമ്മനാരിയിൽ നിന്നും.

1057. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

1058. തയ്യിൽ കൊച്ചീപ്പച്ചന്. ടി കാര്യങ്ങളും ... തിരുവനന്തപുരത്തേയ്ക്കു വരുന്നതിനെക്കുറിച്ചും ചിലവുകളെപ്പറ്റിയും മറ്റും. ടി തീയതി. ടി സ്ഥലം.

1059. To, The Most Revd. Titus Marthoma Metropolitan of Malabar.

വന്ദ്യ സഹോദരാ, അവിടുന്നു ഈ മാസം 23-നു എന്റെ പേർക്കെഴുതി അയച്ചതു ഇന്നലെ ഇവിടെ കിട്ടി. അതിൽ പറയുന്ന വസ്തുവിന്റെ സംഗതി യെക്കുറിച്ച് ആർത്താറ്റു പള്ളിയിലെ പട്ടക്കാരാകട്ടെ, കൈക്കാരന്മാരാകട്ടെ വേറെ ഇടവകക്കാരാകട്ടെ ... യാതൊന്നും എന്റെ പേർക്കു ഇതുവരെ എഴുതി അയ ച്ചിട്ടില്ല. അവരുടെ സമ്മതവും, അഭിപ്രായവും അവർ എന്നെ അറിയിക്കുന്ന പക്ഷം ഉടൻതന്നെ ഞാൻ അനുവദിച്ച് അവർക്കു കല്പന അയക്കുന്നതാണ്. പള്ളിവക യാതൊരു വസ്തുവും തീറെഴുതി കൊടുക്കുന്നതു ഞാനുത്സാഹി ച്ചിട്ടാണെന്നു വരുത്തിക്കൂട്ടുന്നതിനു ഞാൻ മടിക്കുന്നു. ഇപ്പോഴത്തെ സംഗ തിക്ക് അത് എന്നെ സംബന്ധിച്ചും മറ്റും പല വിരുദ്ധങ്ങൾക്കും അപവാദ ങ്ങൾക്കും ഇടയാക്കിത്തീർത്തേക്കുമെന്നു സംശയിക്കയും ചെയ്യുന്നു. അതി നാൽ പള്ളിക്കാർക്കു മനസ്സും, സമ്മതവും ഉള്ളപക്ഷം ഈ സംഗതിയിൽ എന്നിൽ നിന്നു അനുകൂലമല്ലാതെ എതിരഭിപ്രായമൊന്നും ഉണ്ടാകുന്നതല്ലെന്നു മാത്രം തല്ക്കാലം പറഞ്ഞുകൊള്ളുന്നു. ഞാൻ അടുത്ത ദിവസം തന്നെ ഇവി ടെനിന്നും തിരുവനന്തപുരത്തേക്കു പുറപ്പെടുന്നതാണ്. എന്നു 1926-നു കൊല്ലം 1101 മകരം 28-നു പരുമല സിമ്മനാരിയിൽ നിന്നും.

1060. കെ. സി. ചാക്കോ, പ്രൊഫസർ എൻജിനീയറിംഗ് കോളജ്, മദ്രാസ്. റ്റി. ഇ. വറുഗീസ് എന്ന കൊച്ചനു അവിടെ എൻജിനീയറിംഗ് സംബന്ധിച്ചു ഏതെങ്കിലുമൊരു ജോലി കൊടുക്കുവാൻ ... അപേക്ഷപ്രകാരം ചെയ്തു കൊടുക്കുമെന്നു വിശ്വസിക്കുന്നു എന്നും മറ്റും. 1926-നു 1101 മകരം 29-നു പരുമല സിമ്മനാരിയിൽ നിന്നും.

1062. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു. പണപിരിവു എത്രയും വേഗം നടത്തണമെന്നും എല്ലാവരെയും ഉത്സാഹിപ്പിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1063. മുളമൂട്ടിൽ തോമാസു കത്തനാർക്കു. ടി കാര്യങ്ങളും പുത്തൻപുര യ്ക്കൽ കൊച്ചച്ചന്റെ ... നെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1064. എറികാട്ടു കൊച്ചുകുഞ്ചപ്പനു. കേസിന്റെ അവധിയെക്കുറിച്ചും പണ പിരിവിനെ സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

1065. പറമ്പിൽ കൊച്ചുമ്മന്. അവിടെ പിരിഞ്ഞിട്ടുള്ള ... രൂപാ അയ്പുവശം കൊടുത്തയക്കണമെന്നും ശേഷം 12-ാം തീയതിക്കു മുമ്പായി തിരുവനന്തപു രത്തേയ്ക്കു അയയ്ക്കണമെന്നും മറ്റും. 1101 മകരം 29-നു പരുമല സിമ്മനാരി യിൽ നിന്നും.

1066. കല്ലറയ്ക്കൽ ഇ. ഐ. ലൂക്കോസിന്. പരിശുദ്ധന്മാരുടെയും മറ്റും പ്രത്യ ക്ഷതയെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1067. നിരണം പള്ളിക്കാർക്കു. തോനയ്ക്കാടു പള്ളിയിൽപെട്ട ഒരു കല്യാണം ആ ഇടവക വികാരി തട്ടാശ്ശേരിൽ യാക്കോബു കത്തനാരുടെ കുറി കൂടാതെ നിരണത്തു പള്ളിയിൽ വച്ചു കഴിപ്പിക്കരുതെന്നും കഴിപ്പിക്കുകയാണെങ്കിൽ പസാരം മുതലായ വരുമാനങ്ങൾ വാങ്ങിക്കൊടുക്കണമെന്നും മറ്റും. 1101 കുംഭം 1-നു തിരുവനന്തപുരത്തക്കുള്ള യാത്രയിൽ വള്ളത്തിൽ വച്ചു എഴുതപ്പെട്ടതു.

1068. തേരകത്തു ചെറിയാൻകുഞ്ഞിനു. അവിടങ്ങളിലെ പണം എളുപ്പം പിരിച്ചയച്ചു തരണമെന്നു. ടി തീയതി. ടി സ്ഥലം.


1069. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. തുമ്പമൺ പണപ്പിരിവിനെക്കുറി ച്ചു. ടി തീയതി. ടി സ്ഥലം.

1070. പുതുമഠത്തിൽ കീവറീച്ചനു. പണപ്പിരിവിനെ സംബന്ധിച്ചു. 1101 കുംഭം 1-നു തിരുവനന്തപുരത്തേക്കുള്ള യാത്രയിൽ വള്ളത്തിൽ വച്ച് എഴുതപ്പെട്ടതു.

(തുടരും)

**സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്**

വിശ്വാസ പഠനം



# ‘വി. കുർബ്ബാന ധ്യാനം’: ഒരു ആസ്വാദന പഠനം

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

**1905 കന്നി മാസത്തിൽ കുന്നംകുളത്തു നിന്നും പ്രസിദ്ധീകരിക്കപ്പെട്ട പനയ്ക്കൽ യാക്കോബു കത്തനാർ രചിച്ച ‘വി. കുർബ്ബാന ധ്യാനം’: ഒരു ആസ്വാദന പഠനം.**

വി. കുർബ്ബാന ധ്യാനത്തിന്റെ അഞ്ചാം അദ്ധ്യായം ‘ദൈവമെ നീ ശുദ്ധമുള്ളവനാകുന്നു....” എന്ന പ്രാർത്ഥനയുടെ വ്യാഖ്യാനം മുതൽ ശ്ലീഹാ വായനകൾ, ഏവൻഗേലി എന്നിവയുടെ പഠനധ്യാനം എന്ന വിധത്തിൽ ബ. അച്ചൻ ക്രമീകരിച്ചിരിക്കുന്നു.

‘ദൈവമെ! നീ പരിശുദ്ധനാകുന്നു’ എന്ന പുരോഹിതന്റെ പ്രഖ്യാപന-പ്രാർത്ഥനയോടു ‘ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനെ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ! ഞങ്ങളോട് കരുണ ചെയ്യണമെ’ എന്ന് വിശ്വാസസമൂഹം ഭക്തിയോടെ പ്രതികരിക്കുന്നു. ഈ പ്രാർത്ഥനയുടെ അർത്ഥമെന്ത്? എന്തുകൊണ്ടാണ് ഇത് മൂന്നുപ്രാവശ്യം ആവർത്തിക്കുന്നത്? ആരാണ് ഈ പ്രാർത്ഥനയുടെ ഉപജ്ഞാതാവ്? എന്താണ് ഈ പ്രാർത്ഥനയുടെ പ്രാധാന്യം എന്നിങ്ങനെ അനേകം ചോദ്യങ്ങൾ ഭക്തന്റെ മനസ്സിൽ ഉയരുന്നു.


മൂശ ബർകീപ്പായുടെ പഠിപ്പിക്കലുകളിൽ നിന്നും ഇതിന് നല്ല ഉത്തരങ്ങൾ ലഭിച്ചു.

നമ്മുടെ കർത്താവിന്റെ ശവസംസ്കാരസമയത്തു അനേക ദൂതന്മാർ സ്വർഗ്ഗോന്നതങ്ങളിൽ നിന്നും ഇറങ്ങി വരുകയും അവർ ചുറ്റും നിന്നുകൊണ്ട് ‘ദൈവമേ നീ പരിശുദ്ധനാകുന്നു...” എന്നിത്യാദി പാടുകയും ചെയ്തു എന്ന പാരമ്പര്യം കാണുന്നു. ഓർത്തഡോക്സ് സഭകൾ എല്ലാം അതിപുരാതനമായി തന്നെ മൂന്നുവട്ടം ‘പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ’ എന്ന ഈ പ്രാർത്ഥന ഉപയോഗിക്കുന്നതായി ചരിത്രത്തിൽ കാണുന്നു. ‘ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ കർത്താവ് ഇരിക്കുന്നതും അവനു ചുറ്റും നിന്ന് സറാഫുകൾ (മാലാഖമാർ) ഒരുത്തനോട് ഒരുത്തൻ; സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു എന്ന് ആർത്തുപറയുന്ന ഒരു ദർശനം’ യെശയ്യാവ് കാണുന്നതായി (6:1-3) വചനം രേഖപ്പെടുത്തിയിരിക്കുന്നു. ഈ പ്രവചനത്തിന്റെ പൂർത്തീകരണം യേശുക്രിസ്തുവിൽ സംഭവിക്കുന്നതായി പിതാക്കന്മാർ വ്യാഖ്യാനിച്ച് പഠിപ്പിക്കുന്നു.

കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് മൂന്നു പ്രാവശ്യം ദൈവസ്തുതിപ്പ് നടത്തുന്ന വിവിധ വാക്യങ്ങൾ വി. ഗ്രന്ഥത്തിൽ പല സ്ഥലങ്ങളിൽ കാണുന്നുണ്ട്. “സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ...” (വെളി. 4:8) എന്ന് വി. യോഹന്നാനും വെളിപ്പാട് ഉണ്ടാകുന്നു. അവൻ എന്നേക്കും ജീവിക്കുന്ന-മരണമില്ലാത്തവനാകുന്നു (വെളി. 4:9) യോഹന്നാന്റെ ദർശനം തുടരുന്നു.

ഈ വചനഭാഗങ്ങളിൽ നിന്നാണ് ദൈവം പരിശുദ്ധൻ, ബലവാൻ, മരണമില്ലാത്തവൻ എന്നീ വിശ്വാസ സത്യങ്ങൾ ലഭിക്കുന്നത്. പരിശുദ്ധനും ബലവാനും മരണമില്ലാത്തവനുമായ ദൈവം മനുഷ്യകുലത്തിന്റെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി കുരിശിൽ തൂക്കപ്പെട്ട് മരിച്ചു എന്ന് പ. സഭ വിശ്വസിക്കുന്നു. കർത്താവിന്റെ കബറടക്കസമയത്ത് നീക്കോദിമോസും, യൗസേപ്പും മറ്റ് വിശ്വാസ സമൂഹവും ആണ് സറാഫുകളുടെ ധ്യാനത്തിനോട് ചേർന്ന് സഭയുടെ ഈ വിശ്വാസബോധ്യം ആദ്യം പ്രഖ്യാപിച്ച് ഏറ്റുപറയുന്നത് എന്ന് വലിയ വെള്ളിയാഴ്ച കബറടക്കശുശ്രൂഷയിൽ പ്രത്യേകം കാണുന്നു. ആദ്യം ഈ ഭാഗം രഹസ്യ പ്രാർത്ഥനയിലെ സെദ്റായിൽ ചൊല്ലുകയും കബറടക്ക ശുശ്രൂഷയുടെ പൂർത്തീകരണത്തിൽ പരസ്യമായി ചൊല്ലി കബറിനു മുന്നിൽ വിശ്വാസ സമൂഹം മുട്ടുകുത്തുകയും ചെയ്യുന്നു.

‘പുത്രന്റെ രക്ഷാകരമായ മനുഷ്യാവതാര വ്യാപാരത്തെ’ കൗമ്മാ പ്രാർത്ഥനയുടെ കേന്ദ്ര ആശയമായി ആദിമ ക്രൈസ്തവ സമൂഹം തന്നെ ഈ പ്രാർത്ഥനയിലൂടെ ഏറ്റുപറഞ്ഞിരുന്നുവെന്നും പ. ഇഗ്നാത്തിയോസ് നൂറോനോ ഇത് ആരാധനയിൽ നിർബന്ധമാക്കിയെന്നും കാണുന്നു.




മൂന്നു തവണ ആവർത്തിക്കുന്ന ഈ പ്രാർത്ഥനയ്ക്കു ശേഷം വിശ്വാസ സമൂഹം മൂന്നു പ്രാവശ്യം ‘കുറിയാലേയിസ്സോൻ’ (കർത്താവേ! ഞങ്ങളോടു കരുണ തോന്നണമേ) എന്നും ഹൃദയസ്പർശിയായ ധ്യാനത്തോടെ പ്രാർത്ഥിച്ചു കഴിയുമ്പോൾ “ഭൂവിലശേഷം” എന്ന ഗാനം വി. മദ്ബഹായിൽ നിന്നും ഉയരുകയും വിശ്വാസികൾ ചൊല്ലുകയും ചെയ്യുന്നത് കേട്ടു.

‘ദൈവത്താൽ അയക്കപ്പെട്ടവരായ ശ്ലീഹന്മാർ കർത്തൃകല്പന പ്രകാരം ഭൂലോകം മുഴുവനിലും പോയി സർവ്വജാതികളോടും സുവിശേഷം അറിയിച്ച് അവരെ സ്വർഗ്ഗാരാജ്യ അവകാശികളാക്കി തീർത്തു’ എന്ന സന്ദേശ ഗാനാലാപത്തിനുശേഷം വി. അപ്പോസ്തോലന്മാരുടെ നടപ്പുകളുടെ പുസ്തകത്തിൽ നിന്നോ, പൊതുസഭയ്ക്ക് എഴുതിയ ഏഴു ലേഖനങ്ങളിൽ നിന്നോ അതതു ദിവസത്തിനായി ഒരുക്കിയിരിക്കുന്ന വേദവായനഭാഗം ‘എന്റെ വാത്സല്യമുള്ളവരെ’ എന്ന സംബോധനയോടുകൂടെ ശുശ്രൂഷകരിലൊരാൾ പടിഞ്ഞാറുഭാഗത്തേക്ക് അഭിമുഖമായി വി. മദ്ബഹായുടെ ഇടത്തുവശത്തെ വളവിലെ ചവിട്ടുപടിയിൽ നിന്നുകൊണ്ട് ധ്യാനാത്മകമായി വായിക്കുന്നതും വായനയ്ക്കു മുമ്പായി അദ്ദേഹം ഭയഭക്തിയോടെ വി. ത്രോണോസ്സിന്റെ ഇട

തുകോണും പുരോഹിതന്റെ കൈയ്യും മുത്തി അനുഗ്രഹവും അനുവാദവും വാങ്ങി വചനഭാഗം ചുംബിച്ച് വായിക്കുന്നതും അപ്രകാരം വായനയ്ക്കുശേഷവും ചെയ്യുന്നത് ഞാൻ വീക്ഷിക്കുകയും അപ്പോൾ വായിച്ച ഭാഗങ്ങൾ എന്റെ ഹൃദയത്തിലേക്ക് ആഴച്ചിൽ പതിയുന്നതായി അനുഭവപ്പെടുകയും ചെയ്തു.

അപ്പോൾ 'ഞങ്ങൾ നിങ്ങളെ അറിയിച്ചതിനെതിരായി ആരെങ്കിലും നിങ്ങളെ പഠിപ്പിച്ചാൽ അവൻ സഭയുടെ ശാപം ഏൽക്കും' (ഗലാ. 1:8) എന്നും പലതരം ഉപദേശങ്ങൾ പാരിൽ മുളച്ചു പരക്കുന്നു എന്നതിനാൽ ദൈവത്തിന്റെ വചനമായ സത്യസുവിശേഷത്തിൽ ഉറച്ചു നിൽക്കുന്നവൻ അവസാനത്തോളം ധന്യത പ്രാപിക്കുമെന്ന്' പ. പൗലൂസ് ശ്ലീഹായുടെ പ്രബോധ ഗാനവും തുടർന്ന് വി. മദ്ബഹായുടെ തെക്കെ കോണിൽ നിന്നുകൊണ്ട് "എന്റെ സഹോദരങ്ങളെ" എന്ന സംബോധനയോടുകൂടി വി. പൗലൂസ് ശ്ലീഹായുടെ പതിനാലു ലേഖനങ്ങളിൽ നിന്നും അതതു ദിവസത്തിനായി ഒരുക്കിയിരിക്കുന്ന വേദഭാഗവും മുൻവിവരിച്ചതുപോലെ ധ്യാനപൂർവ്വം വായിച്ചതും ഭക്തന്റെ ആത്മാവിനെ ഏറെ കുളിർമ നൽകുന്ന അനുഭവമായി.

എന്തുകൊണ്ട് ഇരുവശങ്ങളിലായി പടികളിലേക്ക് ഇറങ്ങിനിന്നുകൊണ്ട് വായിച്ചുവെന്നും എന്തുകൊണ്ട് ആദ്യം നടപ്പുകളുടെ പുസ്തകമോ ശ്ലീഹന്മാരുടെ പുസ്തകമോ വായിച്ചുവെന്നും രണ്ടാമത് പ. പൗലൂസ് ശ്ലീഹായുടെ പുസ്തകം വായിച്ചുവെന്നോ ചിന്തിച്ചപ്പോൾ, മേലിൽ നിന്നുള്ള അധികാരത്തോടെ ശ്ലീഹന്മാർ വി. സുവിശേഷം അറിയിച്ചതിനാൽ അവർ മദ്ബഹായിൽ നിന്നും പടികളിലേക്ക് ഇറങ്ങിയെന്നും സുവിശേഷഘോഷണത്തിന്റെ സാർവ്വത്രിക ഭാവത്തെ സൂചിപ്പിച്ചുകൊണ്ട് സർവ്വവാത്സല്യവുമുള്ളവർക്കും സഹോദരങ്ങൾക്കുമായി ഇരുവശങ്ങളിൽ വായിച്ചുവെന്നും, നടപ്പു പുസ്തകത്തിലെ ചരിത്രത്തിനും സന്ദേശങ്ങൾക്കും വി. ശ്ലീഹന്മാരുടെ അറിയിപ്പുകൾക്കും പ. പൗലൂസ് ശ്ലീഹായുടെ ലേഖനങ്ങളേക്കാൾ പ്രാമുഖ്യമുള്ളതിനാൽ അവ ആദ്യം വായിക്കണമെന്നും ഭക്തൻ ഗ്രഹിച്ചു.

ഇവയൊക്കെ ഗ്രഹിച്ച് ധ്യാനിച്ച് അദ്ഭുതപ്പെട്ട് നിൽക്കുമ്പോൾ "വലിയ പുരുഷാരത്തിന്റെ ശബ്ദംപ്പോലെയും ഇടനാദംപോലെയും 'ഹാലേലൂയ്യാ' ഗാനങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നു. "ദൈവമായ കർത്താവ് രാജ്യഭാരം ഏറ്റിരിക്കുന്നു. രക്ഷയും മഹത്വവും ശക്തിയും ബഹുമാനവും അവനുള്ളതാകുന്നു, അവനെ പുകഴ്ത്തുവിൻ! അവന്റെ സകല ദാസരും അവനെ ഭയപ്പെടുന്നവരുമായ ചെറിയവരും വലിയവരുമായുള്ളവരെ അവനെ വന്ദിപ്പിൻ" (വെളി. 19:1–6) എന്നി....ഘോഷങ്ങളും ധ്യാനിച്ചുകൊണ്ട് വിശ്വാസികൾ എല്ലാം ഹാലേലൂയ്യാ, ഹാലേലൂയ്യാ! സ്തുതികളാകുന്ന ബലികളെ നിങ്ങൾ പൂജിപ്പിൻ. വെടിപ്പുള്ള കാഴ്ചകളെ എടുത്തുകൊണ്ട് തന്റെ വി. മദ്ബഹായിലേക്ക് പ്രവേശിച്ച് അവന്റെ മുമ്പാകെ വന്ദിപ്പിൻ എന്ന് പരസ്പരം ആഹ്വാനം ചെയ്തു.

ഉടനെ കാഹളത്തിന്റെ ശബ്ദംപോലെ നിലയങ്കി ധരിച്ചു നിൽക്കുന്ന ദൂതനു സമമായ ഒരു ശുശ്രൂഷക്കാരൻ വലിയ ശബ്ദത്തിൽ "നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്തു നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ നാം കേൾക്കണം" എന്ന് ആഹ്വാനം ചെയ്തു. വിശുദ്ധ വസ്ത്രാലങ്കാര ഭൂഷിതനായ പുരോഹിതൻ കിഴക്കോട്ടുനിന്ന് പ്രാർത്ഥിക്കുന്ന നിലവിട്ട് പടിഞ്ഞാറോട്ടു തിരിഞ്ഞ് വി. മദ്ബഹായുടെ അറ്റത്തേക്കുവരുമ്പോൾ അവന്റെ കൈകളിൽ ജീവന്റെ പുസ്തകമായ വി. ഏവൻഗേലിയോൻ ഉണ്ടായിരുന്നു. മുന്നിൽ ഒരു ശുശ്രൂഷകൻ ധൂപം അർപ്പിക്കുകയും ഇരുവശങ്ങളിലും സറാഫുകളുടെ ചിറകടിപോലെ മറുബഹാസകൾ ചലിക്കുകയും മണികൾ മുഴങ്ങുകയും രണ്ട് മാലാഖമാർപോലെ പുരോഹിതന്റെ ഇരുവശങ്ങളിലും കത്തിച്ച മെഴുകുതിരികൾ പിടിച്ചുകൊണ്ട് ശുശ്രൂഷകർ നിലയുറപ്പിക്കുകയും ചെയ്തിരുന്നതു കണ്ടപ്പോൾ ഞാൻ വെളിപ്പാടുകാരനായ വി. യോഹന്നാനുണ്ടായ ദർശനങ്ങളെ ധ്യാനിച്ചു. (വെളി. 5–ാം അദ്ധ്യായം)

അപ്പോൾ പട്ടക്കാരൻ ജീവഗ്രന്ഥം ഉയർത്തിപ്പിടിച്ചുകൊണ്ട് 'നിങ്ങൾക്കെല്ലാവർക്കും സമാധാനം" എന്ന് ജനത്തെ ആശീർവദിച്ച് പറഞ്ഞതിന് 'അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ" എന്ന് പ്രതിയായി പ്രാർത്ഥിച്ചു പറഞ്ഞു. 'അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ലു ധരിച്ചും മുഖം സൂര്യനെപ്പോലെയും കാൽ തീകത്തുന്നപോലെയും ആയി പ്രശോഭിക്കുന്നതായി തോന്നി. അവന്റെ കൈയ്യിൽ തുറന്നിരിക്കുന്ന പുസ്തകം ഉണ്ടായിരുന്നു' (വെളി. 10:1–2). 'ജീവൻ നൽകുന്ന പ്രഖ്യാപനം ആകുന്ന നമ്മുടെ കർത്താവ് യേശുമിശിഹായുടെ വി. ഏവൻഗേല്യോൻ എന്നും 'വി. കന്യകമറിയാമിൽ നിന്നും ജഡം ധരിച്ച ദൈവത്തിന്റെ ജീവനുള്ള വചനവും നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹായുടെ മനുഷ്യാവതാര വ്യാപാരനാളുകളിൽ ഇവ ഇപ്രകാരം സംഭവിച്ചു എന്ന മുഖവുരയോടെ പീഠത്തിൽ ഇരിക്കുന്ന വിടുർത്തിയ പുസ്തകം മുത്തി അന്നത്തെ തിരുവചനങ്ങൾ വായിച്ചപ്പോൾ 'ജീവനുള്ളതും ജീവൻ നൽകുന്നതുമായ സുവിശേഷം' ഭക്തനിൽ പുതുജീവൻ നൽകുന്നതായും അനുഭവപ്പെട്ടു. വായനാനന്തരം പട്ടക്കാരൻ വചനപുസ്തകം മുത്തി മടക്കി 'നിങ്ങൾക്കെല്ലാവർക്കും നിരപ്പുണ്ടാകട്ടെ' എന്ന് ആശംസിച്ചുകൊണ്ട് കിഴക്കോട്ട് തിരികെ നടന്ന് ബലിപീഠത്തിനു മുന്നിൽ വണങ്ങി നിന്നപ്പോൾ ഭക്തൻ വീണ്ടും ധ്യാനത്തിലേക്ക് പ്രവേശിച്ചു.

"എന്റെ ആത്മാവെ! നീ ദൈവവചനത്തിൻരെ ശക്തിയെ കാണുക. അതു എത്ര ശക്തിയേറിയതും ഭയങ്കരവുമാകുന്നു. അതു ജീവനും ചൈതന്യമുള്ളതുമായി ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതുമാകുന്നു." (എബ്രാ. 4:12). അതുകൊണ്ട് എന്റെ പാപസ്വഭാവങ്ങളെ ഞാൻ വെട്ടിമുറിക്കുന്നു. "ദൈവവചനം എന്റെ കാലുകൾക്ക് ഒരു വിളക്കും വഴിക്കു പ്രകാശവും ആകുന്നുന്നു(സങ്കീ. 119:105) അതിനാൽ വഴിയിൽ ഒളിച്ചുവച്ചിരിക്കുന്ന കണികളെ നമുക്കു കാണാം. "അതു തേനിനെക്കാളും തേൻകട്ടയേക്കാളും മാധുര്യമേറിയതാകുന്നു" (സങ്കീ. 119:103) എന്റെ ആത്മാവെ! നീ സന്തോഷിക്കുന്നില്ലെങ്കിൽ ദൈവവചനത്തെ നീ രുചിച്ചിട്ടില്ല. അനേകർ വചനം രുചിക്കാഞ്ഞതിനാൽ വിമ്മിഷ്ടപ്പെടുന്നു. കാരണം അവർ വചനം ശ്രദ്ധിച്ചു വായിക്കുകയോ അതിൻവണ്ണം ജീവിക്കുകയോ ചെയ്യുന്നില്ല. ആത്മാവെ! നീ കേട്ടുകൊൾകാ: നീ അതിനെ പ്രാർത്ഥനയോടെ വായിച്ചാൽ അതു നിനക്കു ശിരസ്സിലെ അലങ്കാരവും കഴുത്തിലെ മാലയും ആയിരിക്കും.

ഈ ധ്യാനത്തോടെ അഞ്ചാം അദ്ധ്യായം അവസാനിക്കുന്നു. പ്രൊമ്യോൻ–ഹൂസോയോ – സെദറാ പ്രാർത്ഥനകൾ, ധൂപകലശത്തിന്റെ വ്യാഖ്യാനം, വിശ്വാസപ്രമാണം എന്നിങ്ങനെയാണ് ആറാം അദ്ധ്യായത്തിലെ ഉള്ളടക്കം.

'നാം നല്ലവണ്ണം നിൽക്കണം' എന്ന് അർത്ഥം വരുന്ന 'സ്തൗമെൻ കാലോസ്' എന്ന ആഹ്വാനത്തിന് 'കർത്താവേ ഞങ്ങളോടു കരുണതോന്നണമെ' എന്ന് അർത്ഥമുള്ള കുറിയേലായിസ്സോൻ പ്രാർത്ഥനയോടെ വിശ്വാസികൾ ശ്രദ്ധിച്ചുനിൽക്കുമ്പോൾ 'നാം എല്ലാവരും നമസ്കരിച്ച് കർത്താവിനോട് കരുണയും മനോഗുണവും യാചിക്കണം' എന്ന പ്രാരംഭത്തോടെ പട്ടക്കാരൻ പ്രൊമിയോൻ പ്രാർത്ഥന അനുതാപത്തോടെ ചൊല്ലുകയും ഒടുവിൽ ധൂപകലശത്തിൽ കുന്തുരിക്കം അർപ്പിക്കുമ്പോൾ വി. മദ്ബഹാ മുഴുവനും അതിന്റെ പുകയും സൗരഭ്യവും നിറയുകയും ചെയ്തു.

നമ്മുടെ പ്രാർത്ഥനകൾ അഗ്നിയിൽ എന്നപോലെ പരിശോധന ചെയ്യപ്പെടണമെന്നും, അവ സുഗന്ധംപോലെ ആയിരിക്കണമെന്നും, അതിൽ ദൈവം പ്രസാദിക്കണമെന്നും, അവ ദൈവസന്നിധിയിലേക്ക് കരേറണമെന്നുമെല്ലാമുള്ള വലിയ സന്ദേശം എനിക് ലഭിച്ചു.

അനുതാപത്തിന്റെയും പാപമോചനത്തിനായുള്ള അപേക്ഷയുടെയും ആഴമായ പ്രാർത്ഥനകളിൽ മുഴുകുന്നവരുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരാളം ഒഴുകുന്നതും സ്ത്രീകളിൽ പലരും പ്രാക്കളെപ്പോലെ കുറുകി കരയുന്നതും കണ്ടപ്പോൾ എന്റെ പാപങ്ങളുടെ ബഹുലതയെ ഓർത്തു ഞാനും നെടുവീർപ്പോടെ കരഞ്ഞു. 'ഹൂസോയോ' എന്ന ഈ പ്രാർത്ഥനയ്ക്കുശേഷം കർത്താവിന്റെ മനുഷ്യാവതാര രഹസ്യത്തിന്റെ മർമ്മം ധ്യാനിക്കുവാൻ ഉതകുമാറ് സെദറാ പ്രാർത്ഥനയും പട്ടക്കാരൻ ചൊല്ലികഴിഞ്ഞപ്പോൾ പട്ടക്കാരൻ ധൂപവർഗ്ഗമെടുത്ത് ശെമ്മാശ്ശന്റെ ധൂപകലശത്തിൽ ഇട്ടു. 'ധൂപകലശവുമായി പീഠത്തിനരികെ നിൽക്കുന്ന ദൂതനെയും സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനയോടുകൂടെ ചേർക്കേണ്ടതിനു വളരെ ധൂപവർഗ്ഗം അതിൽ സമർപ്പിക്കുന്ന പട്ടക്കാരനെയും' കണ്ടപ്പോൾ യോഹന്നാന്റെ വെളിപ്പാട് (വെളി. 8:3–5) ഞാൻ ഓർത്തു ധ്യാനിച്ചു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടൊപ്പം സ്വർഗ്ഗത്തിലേക്ക് കരേറുമ്പോൾ പട്ടക്കാരൻ തെക്കോട്ടും ശെമ്മാശ്ശൻ വടക്കോട്ടും അഭിമുഖമായി നിൽക്കുകയും ബലിപീഠത്തിന്റെ മദ്ധ്യത്തിൽ രഹസ്യങ്ങൾ മൂടിയ ശോശപ്പായുടെ മുന്നിൽ ശെമ്മാശ്ശൻ ധൂപകലശം വലത്തു കൈകൊണ്ട് ഉയർത്തിപ്പിടിക്കുകയും ഇടതുകൈ ഭയഭക്തിയോടെ തന്റെ നെഞ്ചിൽ അടക്കിവച്ചുകൊണ്ട് ദൃഷ്ടികൾ ഉയരത്തിലേക്ക് പതിപ്പിച്ചു നിൽക്കുകയും ചെയ്തു.

പട്ടക്കാരൻ ധൂപകലശത്തിന്റെ ഒന്നാമത്തെ ചങ്ങല ഇടതുകൈകൊണ്ട് പിടി

ക്കുകയും വലതുകൈകൊണ്ട് ധൂപകലശത്തിൽ വി. സ്ലീബാ ആകൃതി വാഴ്ത്തികൊണ്ട് 'പരിശുദ്ധനായ പിതാവ് പരിശുദ്ധൻ' എന്നും വീണ്ടും രണ്ടും മൂന്നും ചങ്ങലകൾ ഒന്നിച്ച് ആദ്യത്തേതിനോട് ചേർത്ത് പിടിച്ച് 'പരിശുദ്ധനായ പുത്രൻ പരിശുദ്ധ'നെന്നും വീണ്ടും അവ്വണ്ണം നാലാമത്തെ ചങ്ങലകൂടെ ചേർത്തുപിടിച്ച് 'പരിശുദ്ധനായ റൂഹാ പരിശുദ്ധൻ' എന്നും ഉറക്കെ പ്രഖ്യാപിച്ചശേഷം വി. ത്രിത്വം നമ്മെയും നമ്മുടെ വാങ്ങിപ്പോയവരെയും സർവ്വപ്രപഞ്ചത്തേയും വാഴ്ത്തി ശുദ്ധീകരിക്കുന്നവനാകുന്നുവെന്ന് ഘോഷിച്ചുകൊണ്ട് ബലിപീഠം, വി. മദ്ബഹാ, മദ്ബഹായുടെ പടിഞ്ഞാറുഭാഗത്തുനിന്നുകൊണ്ട് പ്രകാരവും അവിടെ നിൽക്കുന്ന വിശ്വാസ സമൂഹത്തേയും ധൂപ്പിക്കുന്നു! തുടർന്ന് ശുശ്രൂഷക്കാരന്റെ കയ്യിൽ ധൂപക്കുറ്റി പുരോഹിതൻ നൽകിയപ്പോൾ അദ്ദേഹം പുരോഹിതന്റെ കൈമുത്തി അത് വാങ്ങുകയും ബഹുമാനപൂർവ്വം വി. ത്രോണോസ്സിന്റെ വലതുകോണിലും മുത്തിയശേഷം വി. മദ്ബഹായുടെ ഇടതുവശത്തുകൂടെ പടികൾ ഇറങ്ങി നിൽക്കുമ്പോൾ മറ്റൊരു ശുശ്രൂഷകൻ ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് ബഹുമാനപ്പെട്ട പട്ടക്കാരൻ ആരംഭമിടുന്ന പ്രാർത്ഥന - വിശ്വാസപ്രമാണം - നാം ഏറ്റു ചൊല്ലണമെന്ന് ഉറക്കെ ഓർമ്മിപ്പിക്കുന്നു. പ്രാർത്ഥനാപൂർവ്വം തന്റെ കൈകൾ കഴുകി തുടച്ചശേഷം പട്ടക്കാരൻ പടിഞ്ഞാറോട്ട് തിരിച്ച് തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചതിനുശേഷം വി. ബലിപീഠത്തിനു മുന്നിൽ മുട്ടുകുത്തി രഹസ്യപ്രാർത്ഥനകൾ നടത്തുമ്പോൾ വിശ്വാസികൾ വിശ്വാസപ്രമാണം ചൊല്ലുകയും ശുശ്രൂഷകൻ പ്രാകാരത്തിന്റെ പടിഞ്ഞാറു വരെപ്പോയി വിശ്വാസികളെ ധൂപിപ്പിച്ച ശേഷം തിരികെ വി. മദ്ബഹായിൽ തന്റെ കൈകൾ മലർത്തി ധൂപകലശത്തിന്റെ ചങ്ങലകളിൽ പിടിച്ച് പ്രവേശിക്കുകയും വീണ്ടും നാം എല്ലാവരും ശ്രദ്ധയോടെ നന്നായി നിൽക്കണം എന്ന് ഉറക്കെ ഓർമ്മിപ്പിക്കയും ചെയ്യുന്നു.

എന്താണ് ഇതിന്റെയൊക്കെ അർത്ഥം എന്ന് ചിന്തിച്ച് ധ്യാനിച്ചപ്പോൾ 'ധൂപകലശത്തിലെ അഗ്നി കന്യകയിൽ വസിച്ച അഗ്നിയായ ദൈവം' എന്നും 'ഒന്നാം ചങ്ങല പിതാവിനെയും രണ്ടും മൂന്നും ചങ്ങലകൾ പൂർണ്ണദൈവത്വവും മനുഷ്യത്വവും ചേർന്ന പുത്രനെയും നാലാമത്തേതു ജീവനും വിശുദ്ധിയും നൽകുന്ന റൂഹായേയും' സൂചിപ്പിക്കുന്നുവെന്നും 'ദൈവം ജഡമെടുത്ത് മനുഷ്യനായി തീർന്നപ്പോഴും ധൂപകലശം അതിന്റെ മേൽപ്പിടിയിൽ നിന്നും ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നതു കണക്കെ പുത്രനാം ദൈവം വി. ത്രിത്വത്തിൽ നിന്നും അകലാതെ അന്യോന്യശക്തിയിൽ തന്നെ പാർത്തു' എന്നും ഞാൻ ഗ്രഹിച്ചു. ചങ്ങലകളിലെ 12 (4 x 3) മണികൾ ശ്ലീഹന്മാരാൽ പ്രസംഗിക്കപ്പെട്ട സുവിശേഷ രഹസ്യങ്ങളെ സൂചിപ്പിക്കുന്നുവെന്നും പട്ടക്കാരൻ ആരംഭമിട്ട് വിശ്വാസികൾ ഏറ്റുചൊല്ലുന്ന വിശ്വാസപ്രമാണം പ. സഭയുടെ ത്രിത്വാധിഷ്ഠിത വിശ്വാസം പ്രഖ്യാപിക്കുന്നുവെന്നും ഞാൻ അറിഞ്ഞു. ശുശ്രൂഷകൻ വി. ത്രിത്വാധിഷ്ഠിത ആരാധനയുടെ പ്രതീകമായ ധൂപകലശവുമായി പ്രാകാരത്തിൽ വിശ്വാസികളെ ധൂപിപ്പിച്ച് തിരികെയെത്തുന്നത് 'കർത്താവായ യേശുമശിഹാ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി ഭൂമിയൊക്കെയും സഞ്ചരിച്ച് തന്റെ മനുഷ്യാവതാര വ്യാപാരം' പൂർത്തീകരിച്ച് വീണ്ടും സ്വർഗ്ഗോന്നതങ്ങളിൽ എത്തുന്ന അനുഭവവുമായി ഭക്തൻ മനസ്സിലാക്കി.


പട്ടക്കാരൻ ബലിപീഠത്തിനു താഴെ മുട്ടുകുത്തി ആദം മുതൽ ഇന്നോളമുള്ള സർവ്വത്തേയും ഓർത്തും തനിക്കുവേണ്ടിയും അനുതാപം അപേക്ഷിച്ച് ബലിപീഠത്തിൽ പേരുകൾ ഓർത്തു കുരിശടയാളം വരച്ച് പ്രാർത്ഥിച്ചതും (വെളി. 6:9) തുടർന്ന് ഏറെ ഭയഭക്തിയോടെ പദവിമേൽ കയറി ശുശ്രൂഷ ആരംഭിക്കുന്നതിലൂടെ 'ഭൂമി സംബന്ധമായ സകലത്തിൽ നിന്നും താൻ ഉയർന്ന് ദൈവത്തിന്റെ വലതുഭാഗത്ത് മശിഹാതമ്പുരാൻ ഇരിക്കുന്നിടത്തെ മേലായ കാര്യങ്ങളിൽ മാത്രം വ്യാപൃതനാകുന്നു എന്നും (കൊലോ. 3:1-2) താൻ മനസ്സിലാക്കി.

വി. കുർബ്ബാനയുടെ മർമ്മങ്ങളിലേക്ക് പുരോഹിതൻ പ്രവേശിച്ചിരിക്കുന്നതിനാൽ "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെ തന്നെ പരീക്ഷിപ്പീൻ; നിങ്ങളെതന്നെ ശോധന ചെയ്യുവീൻ...." എന്ന പ. പൗലൂസ്സ് ശ്ലീഹായുടെ ആഹ്വാനത്തെ (2 കൊരി. 13:5) താൻ ധ്യാനിച്ചു. വി. ത്രിത്വത്തിൽ ഒരുവൻ നിന്നെ രക്ഷിപ്പാനായിട്ടു ജഡമെടുത്ത് മരിച്ചു എന്നും നീ വിശ്വസിക്കുന്നുവോ? ദൈവവിശ്വാസം എന്നാൽ കേവലം അറിവാണോ? നീ ദൈവത്തെ പൂർണ്ണമായി, കടുകുമണിപോലെ ഉള്ളു തുറന്ന്, വിശ്വസിക്കുന്നുവോ? പൂർണ്ണശരീരത്തോടും മനസ്സോടും ആത്മാവോടും കൂടെയാണോ നീ വിശ്വസിക്കുന്നത്? ദൈവഹിതം നിന്നിൽ നിറവേറുവാൻ തക്കവണ്ണം നിന്റെ വിശ്വാസം നിന്നെ വഴിനടത്തുന്നുണ്ടോ? നീ പൂർണ്ണ വിശ്വാസിയായിരിക്കുന്നുണ്ടോ? ശെമ്മാശു നിന്റെ അടുക്കൽ ധൂപം വഹിച്ചുകൊണ്ടു വന്നത് നിന്റെ വിശ്വാസത്തെ പരിശോധിപ്പാൻ കൂടെയാകുന്നുവെന്ന് നീ മനസ്സിലാക്കിയോ? നീ എങ്ങിനെ ഇരിക്കുന്നുവെന്ന് നിന്റെ വിശ്വാസത്തിന്റെ കൺമിഴിയെ നീ തുറന്നു നോക്കുക. പൂർണ്ണ വിശ്വാസത്തോടെ വി. കുർബ്ബാനയിൽ നീ പ്രവേശിക്കുക; ഇല്ലായെങ്കിൽ ഇതിൽ നിനക്ക് പങ്കും ഓഹരിയും ഇല്ലാ എന്നും നീ അറിയുക; എന്നും തന്റെ ധ്യാനത്തിൽ ഭക്തന് സന്ദേശം ലഭിച്ചു.

ഈ പഠനത്തോടും ധ്യാനത്തോടും അച്ചൻ ആറാം അദ്ധ്യായം പൂർത്തിയാകുന്നു.

(തുടരും)

# സേവന ധന്യതയിൽ മാർ കൂറിലോസിന് 75-ാം പിറന്നാൾ



മുംബൈ: ആഘോഷവും ആരവവുമില്ലാതെ ഓർത്തഡോക്സ് സഭയുടെ ബോംബെ ഭദ്രാസനാധ്യക്ഷൻ ഗീവർഗീസ് മാർ കൂറിലോസിന് 75-ാം പിറന്നാൾ. പ്രാർഥനയ്ക്കും ധ്യാനത്തിനുമായി പിറന്നാൾ വേള മാറ്റിവച്ചിരിക്കുകയാണ് അദ്ദേഹം. വിശ്വാസ പാതയിലെ തീഷ്ണമായ യാത്രയ്ക്കൊപ്പം രോഗികളെയും ചേരിനിവാസികളെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയുമെല്ലാം പ്രതീക്ഷയുടെ വഴികളിലേക്ക് കൈപിടിച്ചു നടത്തുന്ന നാഥൻ കൂടിയാണു മാർ ഗീവർഗീസ് മാർ കൂറിലോസ്.

ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കൂൾ, എച്ച്ഐവി ബാധിതർക്കുള്ള ക്ലിനിക്, ടിബിയുള്ള കുട്ടികൾക്കു ഭക്ഷണവും മരുന്നും നൽകുന്ന സെന്റർ, ചേരിനിവാ സികൾക്കും ദാരിദ്ര്യരേഖയ്ക്ക താഴെയുള്ളവർക്കും സൗജന്യ വി ദ്യാഭ്യാസം, കാൻസർ ബാധിതർ ക്കും കൂട്ടിരിപ്പുകാർക്കും സൗജന്യ താമസവും ഭക്ഷണവും എന്നിവ മാർ കൂറിലോസ് മുൻകൈ എടുത്തു നടത്തുന്ന പദ്ധ തികളിൽ ചിലതു മാത്രം. പത്തോളം സ്കൂളുകൾ, രണ്ടു കോളജുകൾ, ഒട്ടേറെ മെഡിക്കൽ സെന്ററുകൾ എന്നിവയും ബോംബെ ഭദ്രാസനത്തിനു കീഴിലുണ്ട്.


സ്ലീബാദാസ സമൂഹം പ്രസിഡന്റ്, സഭയുടെ മാനവ ശാക്തീക രണ വിഭാഗം പ്രസിഡന്റ്, സേവന പ്രവർത്തനങ്ങൾക്കുള്ള ട്രസ്റ്റായ ഗ്രിഗോറിയൻ കമ്മ്യൂ ണിറ്റിയുടെ പ്രസിഡന്റ്, ബോംബെ ബിഷപ് ഫെലോഷിപ് പ്രസിഡന്റ് എന്നീ പദവികളും വഹിക്കുന്നു. രാജ്യത്തെ സഭകളുടെ ഐക്യവേദിയായ എൻ.സി. സി.ഐ., മഹാരാഷ്ട്രാ കൗൺസിൽ ഓഫ് ചർച്ചസ് എന്നിവയടക്കം ഒട്ടേറെ സംഘടനകളുടെ മുൻ അധ്യക്ഷനുമാണ്.

കോട്ടയം കൊല്ലാട് പുളിയേരിൽ കുടുംബാംഗമായ മാർ കൂറിലോസ് 1991-ൽ ബോംബെ ഭദ്രാസനത്തിന്റെ സഹായമെത്രാനായി; 2002-ൽ മെത്രാപ്പൊലീത്താ യും. കൊൽക്കത്ത, അഹമ്മദാബാദ് ഭദ്രാസനങ്ങളുടെ ചുമതലയും വഹിച്ചിരുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം






# മലങ്കര മല്പാന്മാർ: പാഠവും പഠനവും

ഡോ. എം. കുര്യൻ തോമസ്

*മലങ്കര മല്പാൻ* എന്ന സ്ഥാനം അലങ്കരിച്ച കോനാട്ട് മല്പാന്മാർ, പ. വട്ടശ്ശേരിൽ തിരുമേനി, ഞാർത്താങ്കൽ കോരുത് മല്പാൻ എന്നിവരുടെ ജീവിതവും സംഭാവനകളും സമഗ്രമായി പ്രതിപാദിക്കുന്ന ഗവേഷണഗ്രന്ഥമാണ് യുവ ചരിത്രഗേഷകനും എഴുത്തുകാരനുമായ ശ്രീ. സഖറിയാ പെരുമ്പടവം തയ്യാറാക്കിയ *മലങ്കര മല്പാന്മാർ: പാഠവും പഠനവും* എന്ന ഗ്രന്ഥം.

പുരാതനമായ മാമലശ്ശേരിയിലെ കോനാട്ട് മല്പാന്മാർ ഒരുപക്ഷേ പരമ്പരാഗത പ്രാദേശിക മല്പാന്മാരായിരുന്നിരിക്കാം. നമ്പൂതിരിമാരുടെ വേദപഠനത്തിനു നിശ്ചിതമായ കുടുംബങ്ങൾ ഓതിക്കന്മാരായി നിയമിക്കപ്പെട്ടിരുന്ന കേരളീയ പശ്ചാത്തലത്തിൽ മല്പാൻസ്ഥാനം പരമ്പരാഗതമാകുന്നതിൽ അത്ഭുതമൊന്നുമില്ല. 1686-നു ശേഷം കാലപ്രവാഹത്തിൽ എന്നോ കോനാട്ടു മല്പാന്മാർ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിന്റെ പ്രചാരകരായി. 1748-ൽ കേരളത്തിലെത്തിയ *വിഗ്രഹഭംജ്ഞകൻ* എന്നറിയപ്പെടുന്ന പാശ്ചാത്യ സുറിയാനി മെത്രാൻ മാർ ഈവാനിയോസ് അരക്ചാബ്ബി മാമലശ്ശേരിയിൽ താമസിച്ചതായി രേഖകളുണ്ട്. തുടർന്നുവന്ന ബസേലിയോസ് ശക്രള്ളാ മഫ്രിയാൻ പ്രഭൃതികളുടെ കാലത്ത് പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിന്റെ സ്വാധീനം വളരെയധികം വർദ്ധിച്ചു. ഇക്കാലത്തായവണം പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ അംഗീകൃത മല്പാൻ എന്ന നിലയിൽ *മലയാളത്തിനുടെ* അഥവാ *മലങ്കരയുടെ മല്പാൻ* എന്ന സ്ഥാനം ലഭിക്കുന്നത്. കോനാട്ട് മല്പാന്മാർ എക്കാലത്തും പാശ്ചാത്യ സുറിയാനി സഭാവിജ്ഞാനീയത്തിന്റെ വക്താക്കളായിരുന്നു എന്നതും, കോനാട്ട് ഗ്രന്ഥശേഖരത്തിൽ പേർഷ്യൻ പാരമ്പര്യത്തിലുള്ള കൈയ്യെഴുത്തു കൃതികൾ ഇല്ലാ എന്നതും ഈ വാദത്തെ ശരിവയ്ക്കുന്നു.

മാമലശേരിയിലെ കോനാട്ടു മല്പാന്മാർ *മലയാളത്തിനുടെ മല്പാൻ* എന്നറിയപ്പെട്ടിരുന്നു. ഇത് *മലയാളത്തിനുടെ മെത്രാപ്പോലീത്താ* പോലെ പൊതുസഭ നൽകിയ സ്ഥാനമാണെന്നു മാമലശേരിയിലെ അവസാനത്തെ കോനാട്ടു മല്പാൻ തന്റെ പിൻഗാമിയായി കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമനെ നിയമിക്കണമെന്നു മലങ്കര മെത്രാനോട് അപേക്ഷിക്കുന്നതിൽനിന്നും മനസിലാക്കാം. പക്ഷേ അവരാരും സഭയുടെ മുഖ്യധാരയിൽ വന്നതായി കാണുന്നില്ല. 1810-നു മുമ്പ് പണ്ഡിതപ്രമുഖനായി അറിയപ്പെടുന്നത് കായംകുളം പീലിപ്പോസ് റമ്പാനാണ്.

1769-ലെ മാവേലിക്കര സുന്നഹദോസാണ് പാശ്ചാത്യ സുറിയാനി രീതിയിൽ *...പുത്തൻക്രമം നമസ്ക്കാരവും പട്ടം വെട്ടുകയും കാപ്പയിട്ടു കുർബാന ചൊല്ലുകയും...* ചെയ്യാൻ തീരുമാനിച്ച് ഭാഗികമായെങ്കിലും പാശ്ചാത്യ സുറിയാനി ആരാധനാ പാരമ്പര്യം ഔദ്യോഗികമായി അംഗീകരിച്ചത്. ആ സാഹചര്യത്തിലാവും പൂർണ്ണമായും പാശ്ചാത്യ സുറിയാനി ആരാധനാ പാരമ്പര്യം പിന്തുടരുന്ന ഒരു മല്പാൻ പരമ്പരയെ *മലയാളത്തിനുടെ മല്പാൻ* എന്ന നിലയിൽ പ്രഖ്യാപിക്കേണ്ടി വന്നതും മാമലശേരിയിലെ കോനാട്ടു മല്പാന്മാർ അതിന് അർഹരായി തീർന്നതും എന്നു ചിന്തിക്കുന്നതിൽ യുക്തിഭംഗമൊന്നുമില്ല.

പാമ്പാക്കുടയിലെ പ്രഥമ കോനാട്ടു മല്പാനായ അബ്രഹാം മല്പാൻ ഒന്നാമനാണ് പൊതുസഭാ രംഗത്ത് സജീവനായ പ്രഥമ മലങ്കര മല്പാൻ. ഇതിനു വ്യക്തമായ കാരണമുണ്ട്. *1809-ലെ കണ്ടനാട് പടിയോല*യാണ് ഇതര ആരാധനാ പാരമ്പര്യങ്ങളെ പൂർണ്ണമായും പുറംതള്ളി പാശ്ചാത്യ സുറിയാനി പാരമ്പര്യത്തെ മാത്രം ഔദ്യോഗികമായി അംഗീകരിച്ചത്. ആരാധനാ ക്രമങ്ങളുടെ ഏകീകരണത്തിനായി കേന്ദ്രീകൃത വൈദീക വിദ്യാഭ്യാസം ആരംഭിക്കാൻ തീരുമാനിച്ചതും ഇതേ കണ്ടനാടു പടിയോലയാണ്.

അംഗീകൃത മല്പാന്മാരുടെ സാക്ഷ്യപത്രം പട്ടത്വത്തിന് നിർബന്ധിതമാക്കിയതോടെയാണ് മലങ്കര മല്പാന്റെ പ്രാധാന്യം യാഥാർത്ഥ്യമാകുന്നത്. രണ്ടു സെമിനാരി എന്ന തീരുമാനം കോട്ടയം പഴയ സെമിനാരി എന്ന ഒറ്റ *പടിത്തവീടായി* യാഥാർത്ഥ്യമായി. അതിന്റെ പ്രാരംഭകാലം മുതൽ കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമൻ അവിടുത്തെ അദ്ധ്യാപനത്തിൽ സജീവമായി.

അസാമാന്യ സമർത്ഥനും വേദ-വേദശാസ്ത്ര പണ്ഡിത പാരവാരവുമായിരുന്നു എന്ന് ആംഗ്ലിക്കൻ മിഷണറിമാരും സഞ്ചാരികളും ശ്ലാഘിച്ചിട്ടുള്ള അബ്രഹാം മല്പാന് സെമിനാരിയിൽ ലഭിച്ച അഖില മലങ്കര ശിഷ്യസമ്പത്ത് അദ്ദേഹത്തെ പ്രശസ്തനാക്കി. 1818-ലേയും 1836-ലേയും മാവേലിക്കര സുന്നഹദോസുകളിൽ ആംഗ്ലിക്കൻ മിഷണറിമാരുടെ പ്രൊട്ടസ്റ്റന്റ് അധിനിവേശ ശ്രമങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാൻ സാധിച്ചത് അദ്ദേഹത്തെ പരക്കെ അംഗീകരിക്കാൻ ഹേതുവായി. ഒരർത്ഥത്തിൽ 1818 മുതൽ 1836 വരെ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ അടക്കി ഭരിച്ച പഴയ സെമിനാരിയിലെ വിദ്യാർത്ഥികളെ *സത്യവിശ്വാസത്തിൽ നിലനിർത്തി ഉറപ്പിച്ചത്* അബ്രഹാം മല്പാൻ ഒന്നാമന്റെ സാന്നിദ്ധ്യമായിരുന്നു. ഇക്കാലത്ത് മലങ്കര മെത്രാൻ കഴിഞ്ഞാൽ സഭയിലുള്ള അദ്ദേഹത്തിന്റെ പ്രാധാന്യം പ്രൊട്ടസ്റ്റന്റ് മിഷണറിമാർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിലെ വിവിധ രേഖകൾ പരിശോധിച്ചാൽ മലങ്കര മല്പാനിൽ നിന്നും സഭ പ്രതീക്ഷിച്ചത് മുഖ്യമായും താഴെ പറയുന്നവയാണ്.

1. പാശ്ചാത്യ സുറിയാനി ഭാഷയിലുള്ള അഗാധ പാണ്ഡിത്യം
2. മികച്ച വേദ-വേദശാസ്ത്ര ജ്ഞാനം.
3. വൈദീക അദ്ധ്യാപന പാടവം.

വൈദീക അദ്ധ്യാപകർ എന്ന നിലയിൽ എല്ലാ മലങ്കര മല്പാന്മാരും പാടവം തെളിയിച്ചിട്ടുണ്ട്. അതേപോലെതന്നെയാണ് സുറിയാനി ഭാഷാ പാടവവും. ഇതഃപര്യന്തമുള്ള മലങ്കര മല്പാന്മാരുടെ സവിശേഷമായ ചില സംഭാവനകളെ മാത്രം ഇവിടെ പരാമർശിക്കാം.

1. കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമൻ - 1820-ൽ വി. കുർബാനക്രമവും നമസ്ക്കാരങ്ങളും മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തി. സുറിയാനി പാരമ്പര്യത്തിലുള്ള കുർബാനായുടെ ആദ്യ മലയാള പരിഭാഷയാണിത്.

1860-ൽ തന്റെ 80-ാം വയസിൽ എഴുതിയതാണ് *മതസംവാദം* എന്ന വേദശാസ്ത്ര ചോദ്യോത്തര പുസ്തകം. വേദപുസ്തക തെളിവുകളെ മാത്രം അടിസ്ഥാനമാക്കി ഓർത്തഡോക്സ് വിശ്വാസത്തെ സമർത്ഥിക്കുന്ന ഈ കൃതി, ഉജ്ജ്വലപാണ്ഡിത്യത്തിന്റെ ഉത്തമ ഉദാഹരണമാണെന്നു പണ്ഡിതർ ചൂണ്ടിക്കാട്ടുന്നു. ഗർശൂനിയിൽ (സുറിയാനി ലിപിയിൽ മലയാളം) എഴുതിയ ഞായറാഴ്ച പ്രസംഗങ്ങളുടെ സമാഹാരം.

2. കോനാട്ട് കോര യൂഹാനോൻ മല്പാൻ - മലങ്കര മല്പാന്മാരിൽ താരതമ്യേന അപ്രശസ്തൻ ആയിരുന്നു ഇദ്ദേഹം. പക്ഷേ അത് അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ പരിമിതിയോ അദ്ധ്യാപന ശേഷീരാഹിത്യമോ മൂലം ആയിരുന്നില്ല. അദ്ദേഹത്തിനു മലങ്കര മല്പാൻ സ്ഥാനം ലഭിക്കുന്നതിനു മുമ്പുതന്നെ അനന്തിരവൻ കുഞ്ഞുവർക്കി മല്പാൻ (പിന്നീട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ) പ്രശസ്തിയിലേയ്ക്കുയർന്നിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമനെ മേല്പട്ടസ്ഥാനം സ്വീകരിക്കുവാൻ മർദ്ദീനിലേയ്ക്ക് അയയ്ക്കുന്നതിനു മുമ്പ് കുഞ്ഞുവർക്കി മല്പാന് മെത്രാൻ സ്ഥാനം കൊടുപ്പിക്കുവാൻ വടക്കൻ ഇടവകകൾ ശ്രമിച്ചതാണ്. അന്ന് കേരളത്തിലുണ്ടായിരുന്ന പരദേശി മെത്രാൻ യൂയാക്കീം മാർ കൂറിലോസ് ഉടക്കിട്ടതിനാൽ നടന്നില്ലെന്നു മാത്രം. കുഞ്ഞുവർക്കി മല്പാന്റെ ഏറ്റവും വലിയ സംഭാവന പാമ്പാക്കുടയിൽ അദ്ദേഹം സ്ഥാപിച്ച *കേരളദീപം* പ്രസാണ്. 1879-ൽ അദ്ദേഹം സ്ഥാപിച്ച ഈ അച്ചുകൂടത്തിലാണ് കേരളത്തിൽ ആദ്യമായി സുറിയാനി അച്ചടിച്ചത്. അദ്ദേഹത്തിന്റെ കാലശേഷം *മാർ യൂലിയോസ് പ്രസ്* എന്ന പേരിൽ മാത്തൻ മല്പാൻ ഈ പ്രസ് പുനരാരംഭിച്ചു. ചരിത്രകാരന്മാരുടെ ഭാഷയിൽ, മലങ്കര സഭയിൽ ആരാധനാക്രമങ്ങളുടെ ഏകീകരണത്തിന് ഏറ്റവുമധികം സംഭാവന നൽകിയത് ഈ അച്ചുകൂടവും അവിടെ അച്ചടിച്ച ആരാധന ഗ്രന്ഥങ്ങളുമാണ്.

3. കോനാട്ട് മാത്തൻ കോർഎപ്പിസ്ക്കോപ്പാ- മാത്തൻ മല്പാനെപ്പറ്റി സഭാചരിത്രത്തിൽ വളരെയേറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ സാഹിത്യ- ആരാധനാ രംഗത്തെ സംഭാവനകൾ പഠനവിധേയമാക്കുന്നത് സമീപകാലത്തു മാത്രമാണ്. ആത്മ നിക്ഷേപം, സീമത്ഹായെ എന്നീ പ്രസിദ്ധീകരണങ്ങൾ, മലബാർ ത്രിസയ്ശുബഹോ സംഘം എന്നിങ്ങനെ അദ്ദേഹത്തിന്റെ സംഭാവനകളുടെ പട്ടിക നീളുന്നു. ഇവയ്ക്കെല്ലാം മകുടം ചാർത്തിക്കൊണ്ട് പുതിയ നിയമത്തിന്റെ മലയാള പരിഭാഷയും.

4. വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ (പിന്നീട് പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ) - മലങ്കര മല്പാൻ സ്ഥാനത്തിന്റെ അടിസ്ഥാന യോഗ്യത പാണ്ഡിത്യം മാത്രമാണെന്നു തെളിയിച്ചത് പ. വട്ടശ്ശേരിൽ തിരുമേനിയെ മലങ്കര മല്പാൻ സ്ഥാനത്തേയ്ക്ക് ഉയർത്തിയ സംഭവമാണ്. നവീകരണ സുറിയാനിക്കാർക്കെതിരെയുള്ള ബൗദ്ധിക പ്രതിരോധവും അതിലുപരി 1892-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച *മതോപദേശസാരങ്ങൾ* എന്ന സഭാവിജ്ഞാനീയ ചോദ്യോത്തര പുസ്തകവുമാണ് അദ്ദേഹത്തിന്റെ ഈ സ്ഥാനലബ്ധിക്ക് കാരണമായത്. മലങ്കര മല്പാൻ സ്ഥാനം, കുടുംബ പാരമ്പര്യമല്ല എന്നതിന്റെ ഒരു തെളിവുകൂടിയാണിത്.

പിന്നീടുള്ള മലങ്കര മല്പാന്മാരായ കോനാട്ട് എബ്രാഹാം മല്പാൻ രണ്ടാമൻ, ഞാർത്താങ്കൽ കോരുത് മല്പാൻ, കോനാട്ട് ഡോ. ജോൺസ് ഏബ്രഹാം റീശ് കോറെപ്പിസ്കോപ്പാ എന്നിവരെ അറിയുന്ന തലമുറ ഇന്നു ജീവിച്ചിരിക്കുന്നതിനാൽ അവരുടെ സംഭാവനകളെ ഇവിടെ വിലയിരുത്തുവാൻ ഉദ്യമിക്കുന്നില്ല. ഇവരെക്കുറിച്ചുള്ള വിശദമായ വായനയ്ക്കും പഠനത്തിനും പുസ്തകം കാണുക.

മലങ്കര മല്പാൻ സ്ഥാനത്തിന് ഇന്നു പ്രസക്തിയില്ല എന്നു ചിന്തിക്കുന്ന ചിലരുണ്ട്. അതൊരു ആലങ്കാരിക ഫ്യൂഡൽ സ്ഥാനം മാത്രമാണന്നു കരുതുന്നവരുമുണ്ട്. ഇതിനു രണ്ടിനോടുമുള്ള ഈ ലേഖകന്റെ പ്രതികരണം നിഷേധാത്മകമാണ്. ആരാധനക്രമങ്ങളുടെ ഏകീകരണം, വേദശാസ്ത്ര, സഭാവിജ്ഞാനീയ രംഗത്തെ സംഭാവനകൾ എന്നീ വിഷയങ്ങളിൽ 19-20 നൂറ്റാണ്ടുകളിൽ മലങ്കര മല്പാന്മാരുടെ സ്ഥാനം അതുല്യമാണ്.


വൈദീകാദ്ധ്യാപനത്തിൽ സ്പെഷ്യാലിറ്റിയും സൂപ്പർ സ്പെഷ്യാലിറ്റിയും ഉള്ള വർത്തമാനകാലത്ത് മലങ്കര മല്പാൻ സ്ഥാനത്തിന് എന്തു പ്രസക്തി എന്നു ചോദിക്കുന്നവരുണ്ട്. ഇതൊരു പാരമ്പര്യാധിഷ്ഠിത സഭയാണ്. ആചാരങ്ങളെയും അനുഷ്ഠാനങ്ങളേയും നിലനിർത്തുകയും വ്യക്തമായി വ്യാഖ്യാനിക്കുകയും ചെയ്യാൻ ഗുരുകുല ശൈലിയിൽ പരമ്പരാഗത വിദ്യാഭ്യാസം നേടിയ മല്പാന്മാർ അനിവാര്യമാണ്. അവരുടെ പിടി അയഞ്ഞപ്പോളാണ് ഇന്നു കാണുന്ന *കവല മല്പാന്മാരും കയ്യാല മല്പാന്മാരും* തോന്നിയതുപോലെ *ക്രിയാ സംഹിത* (Rubrics) വ്യാഖ്യാനിച്ച് കത്തനാരുമാരെ വഴിതെറ്റിക്കുന്നതും രണ്ട് നൂറ്റാണ്ടുകൊണ്ട് മലങ്കര സഭ നേടിയെടുത്ത ആരാധനാ ക്രമങ്ങളുടേയും ക്രിയാസംഹിതയേയും ശിഥിലമാക്കുന്നതും. ഇതഃപര്യന്തം നിയമിക്കപ്പെട്ട മലങ്കര മല്പാന്മാർക്കുണ്ടായിരുന്ന യോഗ്യതയുള്ളവരെ മാത്രം ഭാവിയിലും ആ സ്ഥാനത്തേയ്ക്കു നിയമിക്കുകയും അവർക്ക് ക്രിയാ സംഹിതയുടെ വ്യാഖ്യാനത്തിൽ മുമ്പുണ്ടായിരുന്നതുപോലെയുള്ള അധികാരം നിലനിർത്തുകയും ചെയ്തില്ലെങ്കിൽ ഓരോ പള്ളിയിലും ഓരോ ക്രമം എന്ന നിലയിലേയ്ക്കു മാറുന്ന കാലം അനധിവിദൂരമല്ല.

വളരെ ചെറുപ്രായത്തിൽത്തന്നെ ഗവേഷകൻ, ഗ്രന്ഥകാരൻ എന്ന നിലകളിൽ കഴിവു തെളിയിച്ച വ്യക്തിയാണ് സഖറിയാ പെരുമ്പടവം. അദ്ദേഹമാണ് *മലങ്കര മല്പാന്മാർ: പാഠവും പഠനവും* എന്ന ഈ കൃതി അണിയിച്ചൊരുക്കുന്നത്. ലഭ്യമായ എല്ലാ മലങ്കര മല്പാന്മാരുടേയും സമഗ്രമായ ജീവിത രേഖയാണ് ഇതിന്റെ മുഖ്യഭാഗം. അതോടൊപ്പം മലങ്കര മല്പാന്മാരെപ്പറ്റി വിവിധ കാലങ്ങളിൽ പലർ നടത്തിയ പഠനങ്ങളും അനുസ്മരണങ്ങളും, മലങ്കര മല്പാന്മാരുടെ സംഭാവനകൾ മുതലായവയും ചേർത്ത് സമ്പുഷ്ടമാക്കിയിരിക്കുന്നു. വളരെയധികം അദ്ധ്വാനം ഈ യജ്ഞത്തിനു പിമ്പിലുണ്ട് എന്ന് ഈ ലേഖകന് നേരിട്ടറിയാം.

മലങ്കര സഭയുടെ മാത്രം പാരമ്പര്യമാണ് മുഴുവൻ സഭയ്ക്കുമായി ഒരു മല്പാൻ എന്നത്. ആ സ്ഥാനത്തെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്നവർക്ക് തൽക്കാലം ഇതല്ലാതെ മറ്റൊരു അക്കാഡമിക് പ്രസിദ്ധീകരണവും ഇല്ലെന്ന് നിസംശയം പറയാം.

**മലങ്കര മല്പാന്മാർ: പാഠവും പഠനവും**
**സഖറിയാ പെരുമ്പടവം**
**പ്രസാധകർ: എം.ഒ.സി പബ്ലിക്കേഷൻസ്, കോട്ടയം**
**പേജ് 472 വില 500 രൂപ.**

## സി. വി. കുര്യാക്കോസ് കോറെപ്പിസ്കോപ്പാ അന്തരിച്ചു



മുംബൈ ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന വാകത്താനം വള്ളിക്കാട്ടായ കാരുചിറ ചുരപ്പാടിൽ സി. വി. കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ (85) അന്തരിച്ചു. വള്ളിക്കാട്ട് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ സഹോദര പൗത്രനാണ്. വാകത്താനം പൊങ്ങന്താനം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ആണ് മാതൃഇടവക. മലങ്കരസഭ മാനേജിംഗ് കമ്മിറ്റി അംഗമായി ( 2002-2007) പ്രവർത്തിച്ചു. പൂനയിലെ വിവിധ ഇടവകകളിലും ഞാലിയാകുഴി മാർ ഗ്രിഗോറിയോസ്, ബഹ്റൈൻ സെന്റ് മേരീസ് ഇടവകയിലും സേവനം അനുഷ്ഠിച്ചിരുന്നു. സംസ്കാരം പുണെ സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ പള്ളിയിൽ. നടത്തി. ഭാര്യ: വടക്കൻമണ്ണൂർ മേലേടത്ത് പരേതയായ സൂസൻ കുര്യാക്കോസ്. മക്കൾ: ജോർജ് കുര്യാക്കോസ്, തോമസ് കുര്യാക്കോസ്. മരുമക്കൾ: ആനി, മോന.


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

# പരിശുദ്ധനായ പൗലോസ് ശ്ലീഹാ, തിമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനത്തെ ആസ്പദമാക്കിയുള്ള സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ നാലാമത്തെ പ്രസംഗം



**ഫാ. ജോബ് സാം മാത്യു**
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

1 തിമൊഥെയൊസ് 1:15, 16: ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ. എന്നിട്ടും യേശു ക്രിസ്തു നിത്യ ജീവന്നായിക്കൊണ്ടു തന്നിൽ വിശ്വസിപ്പാനുള്ളവർക്കു ദൃഷ്ടാന്തത്തിന്നായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന്നു എനിക്കു കരുണ ലഭിച്ചു.





ദൈവം നൽകുന്ന അനുഗ്രഹങ്ങൾ മനുഷ്യന്റെ പ്രത്യാശയ്ക്കും പ്രതീക്ഷയ്ക്കും അതീതമാണെങ്കിലും പലപ്പോഴും അവ വിശ്വസിക്കപ്പെടുന്നില്ല. മനുഷ്യൻ ഒരിക്കലും അന്വേഷിക്കാത്തതും ചിന്തിക്കാത്തതുമായ കാര്യങ്ങൾ ദൈവം നമുക്ക് പ്രധാനം ചെയ്തിട്ടുണ്ട്. ദൈവം നമുക്കായി നൽകിയിട്ടുള്ള ദാനങ്ങൾ സംബന്ധിച്ചുള്ള വിശ്വാസം നമ്മിൽ ആഴപ്പെടുന്നതിനാണ് അപ്പോസ്തോലന്മാർ ഈ വിഷയം ആസ്പദമാക്കി ധാരാളം പ്രഭാഷണങ്ങൾ നടത്തിയത്. എന്നാൽ മനുഷ്യർ വലിയ അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ അത് സ്വപ്നമാണെന്ന് കരുതി വിശ്വസിക്കാതിരിക്കുന്നു. അപ്രകാരം ദൈവീക ദാനങ്ങളിലും അവർ സംശയാലുക്കളാണ്. അങ്ങനെയെങ്കിൽ അതുല്യമായി തോന്നിയത് എന്താണ്? ന്യായപ്രമാണത്താലും പ്രവർത്തികളാലും നീതീകരിക്കപ്പെടാത്ത ശത്രുക്കളും പാപികളും എത്രയും വേഗം വിശ്വാസത്താൽ അതുല്യമായ തലത്തിലേക്ക് വളരണം. റോമർക്ക് എഴുതിയ ലേഖനത്തിൽ പൗലോസ് ശ്ലീഹ ഈ വിഷയം സംബന്ധിച്ച് ദീർഘമായി പരാമർശിക്കുന്നുണ്ട്. ഇവിടെയും അദ്ദേഹം അതു തുടരുന്നു. “ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ”.

വിശ്വാസം കൂടാതെ, ന്യായപ്രമാണം അനുസരിക്കുന്നതു വഴി രക്ഷ പ്രാപിക്കാനാവില്ല. ഇക്കാര്യം പൗലോസ് അതിൽ ആകൃഷ്ടരായിരിക്കുന്ന യഹൂദന്മാരെ ഓർമിപ്പിക്കുന്നു. മുൻകാല ജീവിതം വ്യർത്ഥമാക്കി പാപത്തിൽ ചെലവിട്ട ഒരു മനുഷ്യൻ തന്റെ വിശ്വാസത്താൽ രക്ഷിക്കപ്പെടും എന്നത് യഹൂദന്മാർക്ക് അവിശ്വസനീയമായി തോന്നി. ഇത് വിശ്വസനീയമാണ് എന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു. ഗ്രീക്കുകാരെപ്പോലെ ചില യഹൂദർ ഇത് അവിശ്വസിക്കുകയും എതിർക്കുകയും ചെയ്തു. നന്മ വരുവാനായി നമുക്ക് ഇപ്പോൾ തിന്മ ചെയ്യാം എന്ന ചിലർ പറയുന്നു. ‘നല്ലതു വരേണ്ടതിനു തീയതു ചെയ്യുക‘ (റോമർ 3:8) എന്ന പൗലോസിന്റെ വാക്കുകളെ അവർ തെറ്റിദ്ധരിച്ചു പരിഹസിച്ചു. നമ്മൾ അവരോട് നരകത്തെക്കുറിച്ച് പറയുമ്പോൾ അത് എങ്ങനെ ദൈവത്തിന് അനുയോജ്യമാകും എന്ന് അവർ ചോദിക്കുന്നു. തൻറെ ദാസൻ തെറ്റ് ചെയ്താൽ യജമാനൻ ക്ഷമിക്കുകയും മാപ്പ് നൽകുകയും ചെയ്യുന്നു. അപ്രകാരം ദൈവം ഒരുവനെ നിത്യശിക്ഷക്ക് വിധേയനാക്കുമോ? അനവധി തെറ്റുകൾ ചെയ്തവനും പാപമോചനം ലഭിക്കുമെന്ന് പറയുമ്പോൾ അത് അവർ സംശയിക്കുന്നു. ഇതെന്ത് വിചിത്രമായ മനോഭാവമാണ്? എന്ത് വാദമാണിത്? പാപമോചനം ഒരു തിന്മയാണെങ്കിൽ ശിക്ഷ നല്ലതായിരിക്കും. ശിക്ഷ തിന്മയാണ് എങ്കിൽ അതിൻറെ മോചനം നല്ലതാണ്. അവരുടെ വിചാരങ്ങൾ മനസ്സിലാക്കി ഞാൻ സംസാരിക്കുന്നു. കാരണം ഞങ്ങളുടെ അഭിപ്രായം അനുസരിച്ച് ഇവ രണ്ടും നല്ലതാണ്. ആഴമുള്ള ഈ വിഷയം ഞാൻ മറ്റൊരു അവസരത്തിൽ വിശദീകരിക്കാം. ഇത് “വിശ്വസനീയമായ വചനമാണ്” എന്ന് അദ്ദേഹം പറയുന്നു. നാം എന്തുകൊണ്ട് അത് വിശ്വസിക്കണം?

മുൻപും പിമ്പും പരാമർശിക്കുന്നതിൽ നിന്നും ഇത് വ്യക്തമാകും. ഈ പ്രസ്താവന അദ്ദേഹം എങ്ങനെ മുന്നോട്ടുവെക്കുന്നു എന്ന് ശ്രദ്ധിക്കുക. “ദൂഷകനും ഉപദ്രവിയുമായ തന്നോട് ദൈവം കരുണ കാണിച്ചു” എന്ന് മുൻപ് അദ്ദേഹം പറയുന്നുണ്ട്. അത് ഈ ആശയം പരാമർശിക്കുന്നതിനുള്ള ഒരു തയ്യാറെടുപ്പായിരുന്നു. ദൈവം കരുണ കാണിക്കുകയും അതോടൊപ്പം “വിശ്വസ്തൻ എന്ന് എണ്ണുകയും” ചെയ്തു. ഇതുവഴി ദൈവം കരുണ കാണിച്ചു എന്ന് നാം വിശ്വസിക്കുന്നു. ഒരു കൊട്ടാരത്തിൽ തടവിലാകുന്നവന് കരുണ ലഭിച്ചോ എന്ന ആർക്കും സംശയം തോന്നില്ല. ഇതായിരുന്നു പൗലോസിന്റെ അവസ്ഥ. അദ്ദേഹം തന്നെ മാതൃകയായി ഇവിടെ കാണിക്കുന്നു. താൻ പാപിയാണ് എന്ന് വിശേഷിപ്പിക്കുന്നതിൽ അദ്ദേഹത്തിന് ലജ്ജയില്ല. അതിൽ അദ്ദേഹം സന്തോഷിക്കുന്നു. ദൈവത്തിൻറെ അസാധാരണമായ കരുണയ്ക്ക് താൻ അർഹനായതു ദൈവം തന്നോടു കാണിച്ച അത്ഭുതകരമായ താല്പര്യമാണെന്ന് വെളിപ്പെടുത്തുന്നു.

‘പാപി’, ‘പാപികളിൽ ഒന്നാമൻ’, ‘ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ’ (ഫിലിപ്പ്യർ 3:6) എന്ന് അദ്ദേഹം തന്നെകുറിച്ച് വിശേഷിപ്പിക്കുന്നു. ദൈവം ആവിഷ്കരിച്ച നീതിയും അവൻ താല്പര്യപ്പെടുന്ന നീതീകരണവും സംബന്ധിച്ച് ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ നീതിമാന്മാരായവർ പോലും പാപികളാണ്. കാരണം ‘എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു‘ (റോമർ 3:23). അതിനാൽ നീതി എന്നല്ല, ‘ന്യായപ്രമാണത്താലുള്ള നീതീകരണം‘ എന്നാണ് അദ്ദേഹം പരാമർശിക്കുന്നത്. സമ്പത്ത് നേടിയ ഒരു മനുഷ്യൻ, വ്യക്തിഗതമായി സമ്പന്നൻ എന്നു കാണപ്പെടുന്നുവെങ്കിലും രാജാക്കന്മാരുടെ ഖജനാവുമായി താരതമ്യം ചെയ്യുമ്പോൾ ദരിദ്രനും ദരിദ്രന്മാരുടെ തലവനുമായി കണക്കാക്കപ്പെടുന്നു. ഇവിടെയും സമാനമായ സാഹചര്യമാണ്. മാലാഖമാരുമായി താരതമ്യം ചെയ്യുമ്പോൾ നീതിമാനായ മനുഷ്യർ പോലും പാപികളാണ്. ന്യായപ്രമാണത്തിൽ ഉള്ള നീതീകരണം നേടിയ പൗലോസ് പോലും പാപികളിൽ ഒന്നാമൻ എന്ന് വിശേഷിപ്പിക്കുമ്പോൾ മറ്റു മനുഷ്യരെ എങ്ങനെയാണ് നീതിമാന്മാർ എന്ന് വിളിക്കാനാവുക? സ്വന്തം ജീവിതം അശുദ്ധമാണ് എന്ന് വിധിക്കാൻ അല്ല അദ്ദേഹം ഇപ്രകാരം പറയുന്നത് എന്ന് മറക്കരുത്. ന്യായപ്രമാണാധിഷ്ഠിതമായ സ്വന്തം നീതീക

രണം ദൈവത്തിന്റെ നീതികരണവുമായി താരതമ്യം ചെയ്യുമ്പോൾ വിലയില്ലാത്തതാണ് എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അപ്രകാരം മാനുഷികമായ നീതി കൈവശമുള്ളവർ പാപികളാണ് എന്നു തെളിയിക്കുന്നു.

എന്നിട്ടും യേശുക്രിസ്തു നിത്യ ജീവനായിക്കൊണ്ടു തന്നിൽ വിശ്വസിപ്പാനുള്ളവർക്കു ദൃഷ്ടാന്തത്തിന്നായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന്നു എനിക്കു കരുണ ലഭിച്ചു.

പുതിയതും യുക്തിപരമായി ആഴം ഇല്ലാത്തതുമായ ഒരു കാര്യം അവതരിപ്പിച്ചു കൊണ്ട് പൗലോസ് വിനയാന്വിതായി സ്വയം പരിമിതപ്പെടുന്നതും ശ്രദ്ധിക്കുക. തന്റെ അജ്ഞത നിമിത്തം തനിക്ക് കരുണ ലഭിച്ചു എന്ന് അദ്ദേഹം പറയുന്നു. എന്നാൽ അത് ഒരു പാപി എന്ന നിലയിലോ കഠിനമായ ശിക്ഷാവിധിക്കു അർഹൻ എന്ന നിലയിലോ അല്ല. എന്നാൽ ഇനിമേൽ ഒരു പാപിയും കരുണ ലഭിക്കാത്തതിൽ നിരാശപ്പെടേണ്ടതില്ല എന്നും തനിക്ക് ലഭിച്ചതു പോലെ ദൈവത്തിന്റെ കൃപാകടാക്ഷം ലഭിക്കും എന്ന് ഓർമ്മപ്പെടുത്താനുമാണ്. അതുകൊണ്ടാണ് തികച്ചും അപമാനകരമായ 'പാപികളിൽ ഒന്നാമൻ'എന്ന വിശേഷണം സ്വയം ഏറ്റെടുക്കുന്നത്. ഇതൊരു ഉദാഹരണമായി എല്ലാവർക്കും വെളിപ്പെടുന്നു.

ഒരു നഗരത്തിലെ നിവാസികളിൽ എല്ലാവരിലും ഏറിയും കുറഞ്ഞു തിന്മയുണ്ട് എന്ന് കരുതുക. എന്നാൽ അവരെല്ലാവരും ശിക്ഷാവിധിക്ക് അർഹരാണ്. ആ നഗരവാസികളിൽ ഒരാൾ മറ്റെല്ലാവരേക്കാളും ശിക്ഷയ്ക്ക് അർഹനും എല്ലാത്തരം അധാർമിക പ്രവർത്തിക്കുന്നവനുമാണെന്ന് കരുതുക. രാജാവ് എല്ലാവർക്കും മാപ്പ് നൽകുന്നു എന്ന പ്രഖ്യാപനം ഉണ്ടായാൽ ഈ അധാർമികനായ മനുഷ്യനും മാപ്പ് ലഭിക്കും എന്ന് അറിയുന്നതുവരെ എല്ലാവരും വിശ്വസിക്കുകയില്ല. ഇതാണ് പൗലോസും പറയുന്നത്. എല്ലാ ലംഘനങ്ങളും താൻ ക്ഷമിക്കും എന്ന് മനുഷ്യർക്ക് പൂർണ്ണ ഉറപ്പ് നൽകുന്ന ദൈവം മറ്റാരേക്കാളിലും പാപിയായ തന്നെയും തിരഞ്ഞെടുത്തു. അതിനാൽ തനിക്ക് കരുണ ലഭിച്ചു എങ്കിൽ മറ്റുള്ളവരുടെ കാര്യത്തിൽ സംശയം ഉണ്ടാകില്ല എന്ന് അദ്ദേഹം വാദിക്കുന്നു. 'ദൈവം അത്തരത്തിൽ ഒരുവനോട് ക്ഷമിച്ചു എങ്കിൽ, ആരെയും ഒരിക്കലും അവൻ ശിക്ഷിക്കില്ല' എന്ന് നമുക്ക് പറയാം. അങ്ങനെ താൻ പാപമോചനത്തിനു യോഗ്യനല്ലെങ്കിലും മറ്റുള്ളവരുടെ രക്ഷയ്ക്കു വേണ്ടി തനിക്ക് ആദ്യം പാപമോചനം ലഭിച്ചു എന്ന് പൗലോസ് വെളിപ്പെടുത്തുന്നു. അതുകൊണ്ട് അദ്ദേഹം പറയുകയാണ്, ഞാൻ രക്ഷിക്കപ്പെട്ടതിനാൽ രക്ഷയെ കുറിച്ച് ആരും സംശയിക്കരുത്. ഈ അനുഗ്രഹീതനായ മനുഷ്യൻറെ വിനയം ശ്രദ്ധിക്കുക. 'എന്നിൽ അവന്റെ ദീർഘക്ഷമ കാണിച്ചു' എന്നല്ല പറയുന്നത്, മറിച്ച് 'സകല ദീർഘക്ഷമയും' എന്നാണ്. ഇത്രത്തോളം ക്ഷമ ആവശ്യമുള്ള മറ്റാരെയും ദൈവം കാണുന്നില്ല എന്ന് ബോധ്യത്തിലാണ് 'എല്ലാ ദീർഘക്ഷമയും എന്നിൽ കാണിച്ചു' എന്ന് പറയുന്നത്.

"ഇത് വിശ്വസിപ്പാനുള്ളവർക്കു ദൃഷ്ടാന്തത്തിന്നായി". ഇതൊരു ആശ്വാസവും പ്രോത്സാഹനവും ആണ്. പുത്രനാം ദൈവം വെളിപ്പെടുത്തിയ സ്നേഹത്തെക്കുറിച്ച് സവിശേഷമായി സംസാരിച്ചിരിക്കുന്നതിനാൽ, പിതാവാം ദൈവത്തെയും ഒഴിവാക്കാതെ അവനും മഹത്വം അർപ്പിക്കുന്നു.

നിത്യരാജാവായി അക്ഷയനും അദൃശ്യനുമായ ഏകദൈവത്തിന്നു എന്നെന്നേക്കും ബഹുമാനവും മഹത്വവും. ആമേൻ.

ഇവ നിമിത്തം പുത്രനാം ദൈവത്തെ മാത്രമല്ല പിതാവാം ദൈവത്തെയും നാം മഹത്വപ്പെടുത്തുന്നു. നമുക്ക് വേദവിപരീതികളോട് തർക്കിക്കാം. പിതാവാം ദൈവത്തെക്കുറിച്ച് പറയുമ്പോൾ 'ഏകദൈവത്തോട്' എന്ന് പൗലോസ് പറയുന്നു. അപ്പോൾ പുത്രൻ ദൈവമല്ലേ? വീണ്ടും പിതാവിനെ അക്ഷയൻ (immortal, മരണമില്ലാത്തവൻ, അനശ്വരൻ) എന്ന് വിശേഷിപ്പിക്കുന്നു. അപ്പോൾ പുത്രൻ അക്ഷയനല്ലേ? അവൻ നമുക്ക് നൽകാൻ ഇരിക്കുന്നത് (നിത്യത) അവനില്ലേ? എന്നാൽ വേദവിപരീതകൾ പറയുന്നു, 'പുത്രൻ ദൈവവും അക്ഷയനുമാണ്; എന്നാൽ പിതാവിനു തുല്യനല്ല'. അവന് താഴ്ന്ന സത്തയും (inferior essence) താഴ്ന്ന അക്ഷയതയുമാണോ (inferior immortality) ഉള്ളത്? അപ്പോൾ ഉയർന്നതും താഴ്ന്നതുമായ അക്ഷയത എന്ന അവസ്ഥയുണ്ടോ? നാശത്തിന് വിധേയമാകാത്ത അവസ്ഥയാണ് അക്ഷയത (അമർത്യത). ഉന്നതവും പരിമിതവുമായ മഹത്വങ്ങളുണ്ട്. എന്നാൽ അക്ഷയയിൽ ഉന്നതവും പരിമിതവുമായ തലങ്ങളില്ല. ഒരു വസ്തു നശിക്കുന്നതോ നശിക്കാത്ത ആയിരിക്കണം. അപ്പോൾ മനുഷ്യരായ നമ്മൾ അവനെ പോലെ അക്ഷയരാണോ? തീർച്ചയായും അല്ല. അതെന്തുകൊണ്ടാണ്? കാരണം അത് അവൻറെ ഉണ്മയുടെ (nature) പ്രത്യേകതയാണ്. എന്നാൽ നമ്മൾ അത് ആർജിക്കുന്നതാണ് (adventitiously). പിന്നെ എന്തുകൊണ്ടാണ് നിങ്ങൾ ഒരു വ്യത്യാസം ഇവിടെ കണ്ടെത്താൻ ശ്രമിക്കുന്നത്? കാരണം പിതാവ് മറ്റാരാലും സൃഷ്ടിക്കപ്പെട്ടതല്ലെന്ന് അദ്ദേഹം പറയുന്നു. എന്നാൽ പുത്രൻ പിതാവിൽ നിന്നുള്ളവനാണ്. പുത്രൻ പിതാവിൽ നിന്നും നിത്യമായി (അക്ഷയമായി) ഉദ്ഭവിച്ചതാണ് (The Son is generated from the Father incorruptibly) എന്ന് ഞങ്ങൾ ഏറ്റുപറയുന്നു.

പുത്രനെ ജനിപ്പിച്ചതിനാൽ നമ്മൾ പിതാവിനെ മഹത്വപ്പെടുത്തുന്നു. പുത്രൻ ശ്രേഷ്ഠമായ കാര്യങ്ങൾ ചെയ്യുമ്പോൾ പിതാവ് മഹത്വപ്പെടുന്നതായി നാം കാണുന്നു. കാരണം പുത്രന്റെ മഹത്വം പിതാവിലേക്കും ബന്ധപ്പെടുത്തുന്നു. പുത്രനെ സർവ്വശക്തനും തന്റെ തന്നെ സത്തയിലും ജനിപ്പിച്ചു. സ്വയം പര്യാപ്തത, സ്വയം പരിപാലനത, ബലഹീനതയിൽ നിന്നുള്ള വിമുക്തി (self-sufficient, self-maintained and free from infirmity) എന്നിവ പിതാവിനും പുത്രനും തുല്യമായി ഉള്ള മഹത്വങ്ങളാണ്. 'അവൻ മുഖാന്തരം ലോകത്തെയും (ലോകങ്ങളെ, worlds) ഉണ്ടാക്കി' (എബ്രായർ 1:2) എന്ന് പുത്രനെ കുറിച്ച് പറയുന്നുണ്ടല്ലോ. സൃഷ്ടിയും (creation) പ്രവർത്തിയും (workmanship, കൈവേല) തമ്മിൽ നമുക്കിടയിൽ തന്നെ വ്യത്യാസമുണ്ടല്ലോ. ഒരുവൻ അധ്വാനിക്കുകയും കഷ്ടപ്പെടുകയും കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നു. മറ്റൊരുവൻ ഭരിക്കുന്നു. കാര്യങ്ങൾ നിർവഹിക്കുന്നവനാണ് താഴെയുള്ളവൻ. എന്നാൽ ദൈവത്തിൽ ഇപ്രകാരമല്ല. അവിടെ ഒരാൾ പരമാധികാരിയും മറ്റൊരാൾ ദാസനും അല്ല. "അവൻ മുഖാന്തരം ലോകത്തെ ഉണ്ടാക്കി" എന്ന് പറയുമ്പോൾ പിതാവാം ദൈവത്തെ സൃഷ്ടികർമ്മത്തിൽ നിന്നും മാറ്റി നിർത്തുകയല്ല. "നിത്യനായ രാജാവ്" എന്ന് പറയുമ്പോൾ പുത്രനുള്ള അധികാരം നാം നിഷേധിക്കുകയല്ല. ഇവ പിതാവിനും പുത്രനും പൊതുവായും ഓരോരുത്തർക്കുമായും ഉണ്ട്.

പിതാവ് സൃഷ്ടിച്ചു. അവൻ സകലവും സൃഷ്ടിക്കുന്ന പുത്രനെയും ജനിപ്പിച്ചു. എല്ലാ സൃഷ്ടിയുടെയും കർത്താവായി പുത്രൻ ഭരിക്കുന്നു. അവൻ കൂലികാരൻ, ദാസൻ, അനുസരിക്കുന്നവൻ എന്നിവരെ പോലെ അല്ല. മറിച്ച് അവനിൽ സ്വാഭാവികമായ നന്മയും (His own goodness) മനുഷ്യരോടുള്ള സ്നേഹത്താലുമാണ് (love for humankind) പ്രവർത്തിക്കുന്നത്. എന്നാൽ അവന്റെ ദൈവീക സ്വഭാവം കാണുവാൻ കഴിയുന്നുവോ? അത് മനസ്സിലാക്കുവാൻ ആർക്കുമാകില്ല. അപ്പോൾ "നിത്യരാജാവ്, അക്ഷയൻ, അദൃശ്യൻ, ഏകദൈവം" എന്നത് എന്താണ് അർത്ഥമാക്കുന്നത്? അല്ലെങ്കിൽ 'മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല' (അപ്പോസ്തോല പ്രവർത്തികൾ 4:12) എന്ന് പറയുമ്പോൾ എപ്രകാരം?

"... ഏകദൈവത്തിന് എന്നേക്കും ബഹുമാനവും മഹത്വവും. ആമേൻ"

ബഹുമാനവും മഹത്വവും (honour and glory) എന്നത് കേവലം വാക്കുകൾ മാത്രമല്ല. അവൻ നമ്മെ ബഹുമാനിച്ചത് വാക്കുകൾ കൊണ്ടുമാത്രമല്ല , മറിച്ച് തന്റെ പ്രവൃത്തികളാലുമാണ്. അതിനാൽ നമ്മുടെ പ്രവൃത്തികളും കർമ്മങ്ങളും വഴി നമുക്ക് അവനെ ബഹുമാനിക്കാം. അവന് നമ്മുടെ ബഹുമാനം ആവശ്യമില്ല. എന്നാൽ നമുക്ക് അവനിൽ നിന്നും അത് ആവശ്യവുമുണ്ട്.

അവനെ നാം ബഹുമാനിക്കുന്നത് വഴി നാം നമ്മെ തന്നെയാണ് ബഹുമാനിക്കുന്നത്. സൂര്യന്റെ പ്രകാശത്തിലേക്ക് നോക്കുന്നവൻ ആ സന്തോഷം സ്വീകരിക്കുന്നു. ആ നക്ഷത്രത്തിന്റെ സൗന്ദര്യത്തെ പ്രകീർത്തിക്കുന്നു. എന്നാൽ ഇത് പ്രകാശത്തിന് എന്തെങ്കിലും മഹത്വം നൽകുകയോ, അതിൻറെ തേജസ് വർദ്ധിപ്പിക്കുകയോ ചെയ്യുന്നില്ല. അത് പൂർവസ്ഥിതിയിൽ തന്നെ തുടരുന്നു. ദൈവത്തെ സംബന്ധിച്ച് ഇത് ഇപ്രകാരമാണ്. ഒരുവൻ ദൈവത്തെ ആരാധിക്കുന്നതും ബഹുമാനിക്കുന്നതും സ്വന്തം രക്ഷയ്ക്കും ഉന്നതമായ പ്രയോജനത്തിനും വേണ്ടി ചെയ്യുന്നു. കാരണം അവൻ സദ്ഗുണത്തെ പിന്തുടരുകയും ദൈവത്താൽ ആദരിക്കപ്പെടുകയും ചെയ്യുന്നു. എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും" (1 ശമുവേൽ 2:30) എന്ന് അവൻ പറയുന്നു. നമ്മുടെ ബഹുമാനത്തിൽ നിന്നും അവനെ ഒരു പ്രയോജനവും ലഭിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ അവൻ ബഹുമാനിക്കപ്പെടും? അവൻ ദാഹിക്കുകയും വിശക്കുകയും ചെയ്യുന്നു എന്ന് പറയുന്നതുപോലെയാണ്. നമ്മെ അവനിലേക്ക് ആകർഷിക്കുന്നതിനായി അവൻ നമുക്കുള്ളതെല്ലാം സ്വീകരിച്ചു. നാം ഭക്തിയുള്ളവരാകുന്നതിന് അവൻ ബഹുമതികളും അപമാനവും സ്വീകരിക്കുന്നു. എന്നിട്ടും നാം അവനിലേക്ക് ആകർഷിക്കപ്പെടുന്നില്ല! ◆

വചനതീർത്ഥം

# സ്ലീബാ പെരുന്നാളിന് ശേഷം അഞ്ചാം ഞായർ

## (വി. മത്തായി 23:1–12)

### ഫാ. ജെറിൻ ജോൺ അടൂർ



ശാസ്ത്രിമാരുടെയും പരീക്ഷന്മാരുടെയും പ്രവൃത്തികളിലെ തിന്മയെ ചൂണ്ടിക്കാട്ടുകയും, എന്നാൽ അതേസമയം തന്നെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മനുഷ്യർക്ക് വിശ്വാസികൾ നൽകേണ്ട സ്ഥാനത്തിന്റെ പ്രാധാന്യത്തെ എടുത്തുകാട്ടുകയും ചെയ്യുന്ന യേശുവിനെയാണ് വിശുദ്ധ മത്തായി ഇരുപത്തിമൂന്നാം അധ്യായം ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള തിരുവചനങ്ങളിലൂടെ നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. വിശുദ്ധ മത്തായി (23, 112), മർക്കോസ് (12, 38 12, 40), ലൂക്കാ (11, 37–11, 52; 20, 45 20, 47) സുവിശേഷകന്മാർ ഏതാണ്ട് ഒരുപോലെ രേഖപ്പെടുത്തുന്ന ഒരു വചനഭാഗമാണിത്. വാക്കുകളും പ്രവൃത്തികളും തമ്മിൽ സമരസപ്പെട്ടു പോകാത്ത ഒരു ജീവിതശൈലിയെ തെറ്റെന്ന് വിളിക്കുന്ന ദൈവപുത്രനെയാണ് ഇവിടെ നാം കണ്ടുമുട്ടുന്നത്. അത്തരമൊരു ജീവിതശൈലിയെ കപടനാട്യമെന്നാണ് സുവിശേഷം വിശേഷിപ്പിക്കുന്നത്. ദൈവം നൽകിയ അധികാരം വിവേകപൂർവ്വം ഉപയോഗിക്കാൻ മറക്കുന്ന ഒരു നേതൃത്വത്തിനെതിരെയുള്ള പ്രബോധനമാണ് ഇവിടെ എന്ന് നമുക്ക് ഒറ്റ നോട്ടത്തിൽ തിരിച്ചറിയാം. എന്നാൽ അതേസമയം നിയമജ്ഞരോടും ഫരിസേയരോടുമല്ല, ജനക്കൂട്ടത്തോടും തന്റെ ശിഷ്യന്മാരോടുമാണ് യേശു ഈ വാക്കുകൾ അരുളിച്ചെയ്യുന്നത് എന്ന സത്യം പരിഗണിക്കുമ്പോൾ, ഈ വാക്കുകളിലൂടെ മറ്റുള്ളവരുടെ ജീവിതത്തെക്കുറിച്ച് നമ്മോട് പറയുന്ന യേശുവിനെ മാത്രമല്ല നാം കാണേണ്ടത്.

#### അർത്ഥപൂർണ്ണമല്ലാത്ത ജീവിതശൈലിയുള്ള ശാസ്ത്രിമാർ

വ്യവസ്ഥിതമായ രീതിയിൽ ന്യായപ്രമാണം പഠിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നത് തൊഴിലായി സ്വീകരിച്ചിരുന്ന പണ്ഡിതഗണത്തെയാണ് ശാസ്ത്രിമാർ എന്നു വിളിക്കുന്നത്. മോശെയുടെ ന്യായപ്രമാണം പഠിക്കുന്നതിൽ ജാഗ്രത പുലർത്തിയവരായിരുന്നു ശാസ്ത്രിമാർ. പുരോഹിതന്മാരായിരുന്നു മുമ്പു ന്യായപ്രമാണപഠനത്തിൽ മുഴുകിയിരുന്നത്. എസ്രാ ശാസ്ത്രിയും പുരോഹിതനുമായിരുന്നു. (നെഹെ, 8:9). പ്രവാസപൂർവ്വകാലത്ത് ശാസ്ത്രിമാർ എഴുത്തുകാരും, രായസക്കാരും ന്യായപ്രമാണത്തിന്റെയും മറ്റു രേഖകളുടെയും പകർപ്പെഴുത്തുകാരും ആയിരുന്നു. (2ശമൂ, 8:17; 20:25; 1രാജാ, 4:3; 2രാജാ, 12:10; യിരെ, 8:8; 36:18; സദൃ, 25:1). എന്നാൽ 'ശാസ്ത്രി' എന്ന പേരിന്റെ പുതിയ ഔദ്യോഗികവിവക്ഷ ഉദയം ചെയ്തത് എസ്രായുടെ കാലത്താണ്. പ്രവാസത്തിൽ നിന്നു മടങ്ങിവന്നവരെ ന്യായപ്രമാണം പഠിപ്പിക്കുവാൻ എസ്രാ ഒരുങ്ങി. (എസ്രാ, 7:6, 10,11, 21). ന്യായപ്രമാണത്തിന്റെ സംരക്ഷണം പകർപ്പെഴുത്ത്, വ്യാഖ്യാനം എന്നിവയ്ക്കായി ശാസ്ത്രിമാർ സ്വയം സമർപ്പിച്ചു. ഗ്രീക്കു കാലഘട്ടത്തിൽ പുരോഹിതന്മാർ ജാതികളുടെ മ്ലേച്ഛതകളിൽ വീണപ്പോൾ ന്യായപ്രമാണത്തിന്റെ വക്താക്കളും സാമാന്യജനത്തിന്റെ ഉപദേഷ്ടാക്കന്മാരായി അവർ മാറി.

സിനഗോഗുകളിലെ ശുശ്രൂഷയുടെ ആരംഭകർ ഇവരായിരുന്നു. ഇവരിൽ ചിലർ ന്യായാധിപസംഘത്തിൽ അംഗങ്ങളായിരുന്നു. (മത്താ, 16:21; 26:3). വാചികന്യായപ്രമാണത്തെ അവർ എഴുതി സൂക്ഷിക്കുകയും എബ്രായ തിരുവെഴുത്തുകളെ വിശ്വസ്തതയോടെ സംപ്രേഷണം ചെയ്യുകയും ചെയ്തു. ലിഖിത ന്യായപ്രമാണത്തെക്കാളും വാചികമായ ന്യായപ്രമാണത്തിനു അഥവാ കീഴ്വഴക്കങ്ങൾക്ക് അതിയായ പ്രാധാന്യം നല്കി. (മർക്കൊ, 7:5). ശാസ്ത്രിമാർ നിമിത്തം മതം ബാഹ്യരൂപത്തിനു പ്രാധാന്യം നല്കുന്ന ഒന്നായി തരംതാണു. അനേകം വിദ്യാർത്ഥികളെ ശാസ്ത്രിമാർ കൂട്ടിവരുത്തി അവർക്കു ന്യായപ്രമാണത്തിൽ അഭ്യസനം നല്കി. പഠിച്ച കാര്യങ്ങൾ നഷ്ടപ്പെടുത്താതിരിക്കുവാനും അല്പവും വ്യത്യാസം കൂടാതെ മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാനും അവർ വിദ്യാർത്ഥികളെ പ്രേരിപ്പിച്ചു. മാതാപിതാക്കളോട് ഉള്ളതിനെക്കാൾ ബഹുമാനം വിദ്യാർത്ഥികളിൽ നിന്നും അവർ പ്രതീക്ഷിച്ചു. ശാസ്ത്രിമാർ ദൈവാലയത്തിൽ ഉപദേശിച്ചു. (ലൂക്കൊ, 2:46; യോഹ, 18:20). അവരുടെ ഉപദേശം സൗജന്യമായിരുന്നു. ചിലപ്പോൾ അവർക്കു കൂലി ലഭിച്ചിരുന്നു. (മത്താ, 10:10; 1കൊരി, 9:3–18). മുഖ്യാസനം അവർ കാംക്ഷിച്ചിരുന്നു. (മർക്കൊ, 12:40; ലൂക്കൊ, 20:47).

#### ജീവിത ബോധ്യങ്ങൾ നഷ്ടപ്പെട്ട പരീശ സമൂഹം

സെരുബ്ബാബേലിന്റെയും എസ്രായുടെയും കാലത്ത് വേർപാടു പാലിച്ച ഒരു വിഭാഗം യെഹൂദന്മാർ പരീശന്മാർ എന്നു അറിയപ്പെട്ടു. വിജാതീയരുടെ വാസസ്ഥാനങ്ങളിൽ നിന്നും അവരുടെ അശുദ്ധിയിൽ നിന്നും ഇവർ വേർപെട്ട് വിശുദ്ധജീവിതം നയിച്ചുവന്നു. (എസ്രാ, 6:21; 9:1; 10:11; നെഹെ, 9:2; 10:29). വിജാതീയരുടെ മാത്രമല്ല, യിസ്രായേല്യരുടെയും അശുദ്ധിയിൽ നിന്നൊഴിഞ്ഞു നില്ക്കാൻ അവർ ശ്രമിച്ചു. പരീശന്മാർ എന്ന പേർ പ്രതിയോഗികളായിരിക്കണം അവർക്കു നൽകിയത്. അവർ സ്വയം വിളിച്ചിരുന്നത് 'ഹബറീം' എന്നായിരുന്നു. അരാമ്യയിൽ 'ഹബാർ' സഖിയാണ്. ബി.സി. നാലാം ശതകത്തിൽ യിസ്രായേല്യർ ഗ്രീക്കുകാരുടെ മേൽക്കോയ്മയ്ക്ക് കീഴടങ്ങി. അതോടു കൂടിയുണ്ടായ ഗ്രീക്കുസംസ്കാരത്തിന്റെ അതിപ്രസരം യെഹൂദന്മാരുടെ വിശ്വാസാചാരങ്ങളിൽ വളരെയധികം മാറ്റം വരുത്തി. ഈ ദുഷ്പ്രവണതയെ ചെറുത്ത് ന്യായപ്രമാണം കൃത്യമായി അനുഷ്ഠിക്കുവാൻ ന്യായപ്രമാണത്തോടു സഖിത്വം പാലിച്ചവൻ എന്ന അർത്ഥത്തിലാണ് ഹബർ എന്ന പദം പ്രയോഗിച്ചു കാണുന്നത്.

പരീശന്മാർക്കു ഒരു പ്രത്യേക ഉപദേശസംഹിത ഉണ്ടായിരുന്നു. അമർത്ത്യതയിൽ അവർ അടിയുറച്ചു വിശ്വസിച്ചു. ആത്മാവ് അവിനാശിയാണ്. നീതിമാന്മാരുടെ ആത്മാവ് വീണ്ടും ശരീരത്തിൽ പ്രവേശിക്കും (പുനരുത്ഥാനം പ്രാപിക്കും). എന്നാൽ ദുഷ്ടന്മാരുടെ ആത്മാക്കൾ നിത്യദണ്ഡനത്തിനു വിധേയമാകും. ആത്മാക്കൾക്ക് അമർത്യശക്തി ഉണ്ടെന്നു അവർ പഠിപ്പിച്ചു. ദൈവദൂതന്മാരുടെയും ആത്മാക്കളുടെയും അസ്തിത്വം അവർ അംഗീകരിച്ചു. "പുനരുത്ഥാനം ഇല്ല, ദൂതനും ആത്മാവും ഇല്ല എന്നു സദൂക്യർ പറയുന്നു; പരീശന്മാരോ രണ്ടും ഉണ്ടെന്നു പ്രമാണിക്കുന്നു." (പ്രവൃ, 23:8). എന്നാൽ സദൂക്യർ ദൂതന്മാരുടെയും ആത്മാക്കളുടെയും അസ്തിത്വം നിഷേധിച്ചു. എല്ലാ കാര്യങ്ങളും ദൈവത്തിലും വിധിയിലും ആണ് നിലനിൽക്കുന്നത്. നന്മ ചെയ്യുകയാണ് മനുഷ്യന്റെ കർത്തവ്യം. എല്ലാ പ്രവൃത്തികളിലും വിധി സഹകരിക്കുന്നു. വിശ്വാസത്താലാണ് എല്ലാം പൂർത്തിയാക്കുന്നത്. ദൈവത്തിന്റെ കരുതലിലൂടെയാണ് സർവ്വവും ഭവിക്കുന്നത്.

രാഷ്ട്രീയകാര്യങ്ങളെ മതപരമായ വീക്ഷണത്തിലാണ് പരീശന്മാർ സമീപിച്ചത്. അവർ ഒരു രാഷ്ട്രീയ കക്ഷി ആയിരുന്നില്ല. ന്യായപ്രമാണത്തിന്റെ കൃത്യമായ ആചരണം രാഷ്ട്രീയ ചിന്തയോടെയല്ല മതപരമായ ലക്ഷ്യത്തോടെയാണ് അവർ നിർവ്വഹിച്ചത്. ഏതു സർക്കാരും അവർക്കു സ്വീകാര്യമായിരുന്നു. സർക്കാർ പരീശന്മാരുടെ ന്യായപ്രമാണാചരണ വ്യഗ്രതയെ എതിർക്കുമ്പോൾ മാത്രമാണ് അവർ സർക്കാരിനെ എതിർത്തിരുന്നത്. രണ്ടു വ്യത്യസ്ത മതപര വീക്ഷണങ്ങളിലാണ് അവർ പ്രവർത്തിച്ചത്. ഒന്ന്; ദൈവിക കരുതൽ: ദൈവിക കരുതലിൽ അടിയുറച്ചു വിശ്വസിച്ച അവർ യിസ്രായേലിന്റെ മേൽക്കോയ്മ ദൈവഹിതമാണെന്നു മനസ്സിലാക്കി. തന്മൂലം വിദേശീയ രാജാക്കന്മാർക്കു പോലും പരീശന്മാർ സ്വമനസ്സാ വിധേയപ്പെട്ടു. ന്യായപ്രമാണാചരണം വിഘ്നപ്പെടാതിരുന്നാൽ മാത്രം മതി. രണ്ട്; യിസ്രായേലിന്റെ തിരഞ്ഞെടുപ്പ്: യിസ്രായേലിനു ദൈവം അല്ലാതെ ഒരു രാജാവുമില്ല. ദൈവം അഭിഷേകം ചെയ്ത ദാവീദിന്റെ ഗൃഹത്തിലുള്ളവരെയാണ് അവർ യഥാർത്ഥ രാജാക്കന്മാരായി അംഗീകരിച്ചത്. ജാതികളുടെ മേൽക്കോയ്മ നിയമാനുസരണമുള്ളതല്ല. ഈ വീക്ഷണത്തിലാണ് ഒരു ജാതീയ ശക്തിക്ക് കരം കൊടുക്കുന്നത് ന്യായമാണാനുസരണം ആണോ അല്ലയോ എന്ന പ്രശ്നം വന്നത്. (മത്താ, 22:17; മർക്കൊ, 12:14; ലൂക്കൊ, 20:22).

**ക്രിസ്തു മാതൃക: താഴ്മയുടെ ഭാവം**

അഹങ്കാരത്തിന്റെയും അക്രമത്തിന്റെയും വിരുദ്ധ കോടിയിൽ നില്ക്കുന്ന ഗുണമാണ് താഴ്മ. മറ്റുള്ളവരെ കീഴമർത്താനുള്ള നൈസർഗ്ഗികമായ വാസനയ്ക്ക് താഴ്മ കടിഞ്ഞാണിടുന്നു. ദൈവിക ഗുണങ്ങളിലൊന്നാണു താഴമ. മനുഷ്യനെ തൃക്കൺപാർക്കാൻ വേണ്ടി അത്യുന്നതനായ ദൈവം ഭൂമിയിലേക്കു കുനിഞ്ഞു നോക്കുന്നു. (സങ്കീ, 113:4-6). ദൈവത്തെ ശരണമാക്കുന്നതിനും ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നതിനും താഴ്മ സഹായിക്കും. (സെഫ, 3:12). ദൈവം താഴ്മയുള്ളവനെ കടാക്ഷിക്കുകയും ഉയർത്തുകയും രക്ഷകൊണ്ടലങ്കരിക്കുകയും ചെയ്യുന്നു. (ഇയ്യോ, 22:9; സങ്കീ, 138:6; 147:6; 149:4). താഴ്മയുള്ളവരോടുകൂടെ താഴ്മയുള്ളവനായിരിക്കുകയാണ് നല്ലത്. (സദൃ, 16:19). താഴ്മയുള്ളവരുടെ പക്കൽ ജ്ഞാനം ഉണ്ട്. താഴ്മയുടെ ഫലമാണ് ധനവും മാനവും ജീവനും. (സദൃ, 11:2; 18:12; 22:4). യേശുക്രിസ്തു താഴ്മയും സൗമ്യതയും ഉള്ളവനാണ്. (മത്താ, 11:29). യേശു യെരുശലേമിൽ ജൈത്രപ്രവേശം ചെയ്തതിനെക്കുറിച്ചുള്ള പ്രവചനത്തിൽ തന്നെ താഴ്മ സൂചിതമാണ്. "അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറിവരുന്നു." (സെഖ. 9:9).

ജഡധാരണത്തിൽ ക്രിസ്തു തന്നെത്താൻ താഴ്ത്തി. (ഫിലി, 2:5-8). ഒരു ഭൃത്യന്റെ സ്ഥാനത്തുനിന്നുകൊണ്ട് സ്വന്തം ശിഷ്യന്മാരുടെ പാദം കഴുകി. (യോഹ, 13:4,5). ചുങ്കക്കാരുടെയും പാപികളുടെയും ഇടയിൽ വസിക്കുകയും അവരോടൊത്തു ഭക്ഷിക്കുകയും ചെയ്തു. (ലൂക്കൊ, 15:1,2). തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (ലൂക്കൊ, 14:11) എന്നു യേശു പഠിപ്പിച്ചു. "ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു." (മത്താ, 18:4). ദൈവം താഴ്മയുള്ളവർക്കു കൃപ നല്കുന്നു. "അതുകൊണ്ടു അവൻ തക്ക സമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പിൻ" (1പത്രൊ, 5:6) എന്നു അപ്പൊസ്തലൻ ഉപദേശിക്കുന്നു. ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടക്കാനാണ് ദൈവം മനുഷ്യനോടാവശ്യപ്പെടുന്നത്. (മീഖാ 6:8).




**ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം യു.എ.ഇ. സോണലിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ രണ്ടിന് നടക്കുന്ന ഏകദിന വാർഷിക കോൺഫറൻസിന്റെയും, മാർത്തോമൻ പൈതൃക സംഗമത്തിന്റെയും ലോഗോ ഡോ. യൂഹാനോൻ മാർ ദിമത്രയോസ് മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു.**



**പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സ്വകാര്യ കത്തുകളും കല്പനകളും ഇടയലേഖനങ്ങളും 1923-26 കാലത്തെ കല്പനബുക്കുകളും സമാഹരിച്ച് പ്രസിദ്ധീകരിച്ച വട്ടശ്ശേരിൽ തിരുമേനിയുടെ കത്തുകൾ എന്ന ഗ്രന്ഥം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിലിനു നൽകി പ്രകാശനം ചെയ്തു.**

## പുസ്തകം




**കാഴ്ച**

ജോയി മേങ്കോട്ടിൽ.

പ്രസാധകർ

മഷിക്കൂട്ട് ഇംപ്രിന്റ്, കോട്ടയം

വില: 170.00



**തുമ്പമൺ ഭദ്രാസനത്തിലെ കൊടുമൺ സെന്റ് ബഹനാൻസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗം ദീപാ കോശി അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്നും സ്റ്റാറ്റിസ്റ്റിക്സിൽ പി.എച്ച്.ഡി. നേടി. കൊടുമൺ പുത്തൻവീട് ജയിംസ് മാത്യുവിന്റെ ഭാര്യയും കൈപ്പട്ടൂർ തേരകത്ത് കുമ്പേലിൽ പരേതനായ കെ. പി. കോശി-മറിയാമ്മ കോശി എന്നിവരുടെ മകളുമാണ്. കോന്നി ഐരവൺ പി.എസ്.വി. പി.എം. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപികയാണ്.**




## ഡോക്ടറേറ്റ് കരസ്ഥമാക്കി

കൊച്ചി അമൃത വിശ്വവിദ്യാ പീഠത്തിൽ നിന്നും നാനോ എഞ്ചിനീയറിംഗിൽ ഡോണ സൂസൻ ബാജി പി. എച്ച്.ഡി നേടി. പുനലൂർ തെക്കേ പ്ലാവിള പുത്തൻ വീട്ടിൽ ബാജി ജോർജിന്റെയും അനിത ബാജിയുടെയും മകളും നെല്ലിപ്പള്ളി ഞവരക്കൽ ഹൗസിൽ അച്ചു ബേബിയുടെ ഭാര്യയുമാണ്.പുനലൂർ വാളക്കോട് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമാണ്

Church Calendar

# THE LAST SERMON

## (Fifth Sunday after Feast of Holy Cross, Matt 23: 1-12)

### Fr. Sajoie Samuel



This week's Evangelion portion brings us to the final public sermon of Jesus Christ before His passion and crucifixion. Jesus does by no means sugar coat His final words to His critics, namely the Pharisees and the Scribes. He never spoke or acted in a manner to appease His listeners. Hence harsh words like blind guides, whitewashed tombs, fools are used to address the Pharisees by Jesus. Why does Jesus speak in a blunt manner to them? Had they erred so grievously in God's sight? Let's find out.

**I. THE GOODNESS OF GOD LEADS HUMANS TO REPENTANCE**

Jesus is in this passage, indulging in a scathing criticism to the Pharisees and Scribes. They were seated on the throne of Moses which was the epitome of authority and power. But they were not practising what they were preaching. It was more of an outward show off, than an inner transformation. They risked misleading the common man from what were the true precepts of the Kingdom of God. Hence, they were belittling the power that was vested in the lawmaker Moses. They could have been the beacons of change in the Jewish society. Instead, they could not be followed or be an inspiration to others.

This attribute of God is well highlighted by St. Paul in his epistle to Romans 02:04. God showers His grace and love on us so that we can mend our ways and turn to Him. But God works in wondrous ways that are not comprehendable by mortals. Some among humans would also be saved by fire (1 Cor 03:15). It speaks about how God goes on to any extent to save humankind from eternal damnation. Otherwise why would God, the Supreme King of the universe discuss His plans about destroying the evil masses of Sodom and Gomorrah with a mere common man like Abraham. It's because God is setting in front of us His measure of self emptying Himself to save humans from eternal damnation.

God's love and grace are greater motivation to sinners than the fire of hell and salvation. The public ministry till Chapter 23 we see Jesus love to His people. Hence the Prodigal Son's father accepts the confession of mistake of his son. The king forgives the debt of his subordinate who owed him 1000 coins. So what does this mean? We who have been blessed by our Lord to share the Good News to one and all are to share God's love in transforming them to God's love. But if they have made their hearts of stone and don't budge, then God would make them feel His authority sans affection. The sinful lady might have erred in human eyes, but in God's sight she was not to be condemned.

**II. THE TRUE PARAMETERS OF A RABBI**

Jesus does not prohibit one from being called a teacher but rather he prohibits the passionate desire to be called so and the eager pursuit of every possible means to acquire the name. We are not to strive for titles but do justice to the position that we have. For the dignity of the office of teacher belongs chiefly to God alone. When we run behind titles we are jeopardising the deeds that we need to do to vouch for the title we own. Sitting in the seat of Moses the Pharisees were more wanting to get position and power among people so that they could operation even more by forcing them to obey unwanted loss. They were bringing a bad repute to the name of the patriarch Moses.

As per Jesus that true qualities of a leader are two pronged. Firstly, he avoids being elevated to a title and secondly, accepts lonely tasks. In this Jesus Himself was the true example by which He avoided the titles and honours that people around Him showered upon him. He instead chose to humbly keep Himself away from such honours and instead became a servant by cleaning His disciple's feet. Rather than being aloof from sinners and social outcasts, he dined with the sinners, touched leopards and downplayed societal norms to provide succour to those on the margins of the society.

To conclude, Jesus ended his last sermon pronouncing eight woes. Let's recollect how Jesus began His public ministry: by pronouncing eight blessings in the form of the Beattitudes. These blessings culminate in eight woes so that those who would not budge from their transgressions by hearing them, would be disturbed by hearing of these warnings.






റാഞ്ചിയിൽ നടന്ന യോനെക്സ് സൺറൈസ് അഖിലേന്ത്യാ റാങ്കിങ് ബാഡ്മിൻറനിൽ ഇരട്ട നേട്ടം കൈവരിച്ചു അലക്സിയ എൽസ അലക്സാണ്ടർ. അണ്ടർ 13 വിഭാഗത്തിൽ ഡബിൾസിൽ സ്വർണവും സിംഗിൾസിൽ വെള്ളിയുമാണ് നേടിയത്. ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗങ്ങളായ അടൂർ കണ്ണംകോട് അറപുറയിൽ ലൂയി വില്ലയിൽ റോമി അലക്സാണ്ടർ ലൂയിസിന്റെയും റീജയുടെയും മകളാണ്.



# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH




പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം ഭദ്രാസനാധിപനും മിഷൻ ബോർഡ് പ്രസിഡന്റുമായ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ പന്തളം ഓർത്തഡോക്സ് വൈദിക കൂട്ടായ്മയായ ബൈത്തോ ആദരിച്ചു. ജോൺ ഡാനിയേൽ കോർ എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി മുഖ്യ പ്രഭാഷണം നടത്തി.




ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് കുവൈറ്റ് സോണിലെ ഓർത്തഡോക്സ് ദേവാലയങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സോണൽ പ്രസംഗ മത്സരം സംഘടിപ്പിച്ചു. ജൂനിയർ വിഭാഗത്തിൽ ലയാ ബിനു (മഹാ ഇടവക) ഒന്നാം സ്ഥാനവും എഡ്നാ ആൻ ബിജു (മഹാ ഇടവക) രണ്ടാം സ്ഥാനവും കരസ്ഥമാക്കി. സീനിയർ വിഭാഗത്തിൽ റെബേക്കാ എലിസബത്ത് ജെയിംസ് (മഹാ ഇടവക) ഒന്നാം സ്ഥാനവും, അജോയ് ജേക്കബ് ജോർജ്ജ് (സെന്റ് സ്റ്റീഫൻസ് ഇടവക) രണ്ടാം സ്ഥാനവും കരസ്ഥമാക്കി.



സിസ്റ്റർ മേരി വന്ദന (ഗ്രിഗോറിയൻ കമ്മ്യൂണിറ്റി അംഗം, റോഹ ബോംബെ) നാഗ്പൂർ ഓർത്തഡോക്സ് സെമിനാരിയിൽ പഠിച്ച് മലങ്കര ഓർത്തഡോക്സ് സഭയിൽ ആദ്യമായി സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡിസ്റ്റിംഗ്ഷനോടുകൂടി (ഗ്രേഡ് എ+) ബാച്ചിലർ ഓഫ് ഡിവിനിറ്റിയിൽ (ബി.ഡി.) ഒന്നാം റാങ്ക് കരസ്ഥമാക്കി.



കായംകുളം കദീശ ഓർത്തഡോക്സ് കത്തീഡ്രലിന്റെ സഹസ്രോത്തര ദ്വിശതാബ്തിയുടെ (1200) നിറവിൽ കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഫിലോബീബ്ലിക്കേ ക്രിസ്ത്യൻ പൈതൃക പ്രദർശനം നടത്തപ്പെട്ടു. ഫാ. ഡോ. ഏബ്രഹാം കോശി കുന്നുംപുറത്തിന്റെ നേതൃത്വത്തിൽ നടന്ന പ്രദർശനത്തിൽ നൂറിലധികം ഭാഷകളിലെ ബൈബിളുകൾ, അമ്പതിലധികം വേദപുസ്തക ഇംഗ്ലീഷ് വിവർത്തനങ്ങൾ, മലയാളത്തിലെ ആദ്യ ബൈബിൾ വിവർത്തനമായ റമ്പാൻ ബൈബിൾ (കായംകുളം ഫിലിപ്പോസ് റമ്പാൻ) ബൈബിൾ കമെന്ററികൾ, വിഞ്ജാനകോശങ്ങളും, ബ്രയ്ലി ബൈബിൾ, വിവിധ രാജ്യങ്ങളിലെ നൂറിലധികം വൈവിധ്യമാർന്ന കുരിശുകൾ, ക്രിസ്ത്യൻ ഐക്കണോഗ്രാഫി ചിത്രങ്ങൾ, വിവിധ രാജ്യങ്ങളിലെ ആയിരത്തിൽ അധികം ക്രിസ്മസ് ഈസ്റ്റർ സ്റ്റാമ്പുകൾ, പ്രഥമ ദിന കവറുകൾ ഇന്ത്യ പോസ്റ്റ് ക്രിസ്തീയ സ്റ്റാമ്പുകൾ, ഓർത്തഡോക്സ് പ്രാർത്ഥന ചരടുകൾ, പേപ്പറസ് ചിത്രങ്ങൾ, ബൈബിൾ നാണയങ്ങൾ, പോട്ടറികൾ തുടങ്ങി ക്രിസ്തീയ പാരമ്പര്യം വിളിച്ചോതുന്ന അനേകം വസ്തുക്കൾ പ്രദർശിപ്പിക്കപ്പെട്ടു.

നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് B.A LL.B. യിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ പള്ളിപ്പാട് കുളത്തിന്റെ കിഴക്കതിൽ ഗീതു ഹന്നാ ജോൺ. ഫാ. ഡോ. ജോൺ മാത്യു പള്ളിപ്പാടിന്റേയും മേഴ്സി ജോണിന്റേയും (രണ്ടു പേരും നാഗ്പൂർ ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകർ) മകളാണ്. പള്ളിപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസന പള്ളിയാണ് മാതൃഇടവക.



## കോന്നിയൂർ രാധാകൃഷ്ണൻ പുരസ്കാരം പ്രീത് ജി. ജോർജിന്

പത്തനംതിട്ട: കോന്നിയൂർ രാധാ കൃഷ്ണന്റെ പേരിൽ കോന്നിയൂർ രാധാകൃഷ്ണൻ സൗഹൃദവേദി ഏർപ്പെടുത്തിയ മികച്ച അധ്യാപകനുള്ള ഒന്നാമത് പുരസ്കാരം കൈപ്പട്ടൂർ സെന്റ് ജോർജ് മൗണ്ട് ഹൈസ്കൂളിലെ മലയാളം അധ്യാപകൻ പ്രീത് ജി. ജോർജിന്. കോന്നിയൂർ രാധാകൃഷ്ണന്റെ ഒന്നാം ചരമവാർഷികമായ ഒക്ടോബർ 11-ന് പത്തനംതിട്ട യിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം വിതരണം ചെയ്യും.



◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

**– പ. പരുമല തിരുമേനി**